**അനൗദ്യോഗികാംഗങ്ങളുടെ കാര്യം**

(1 ) <u>അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ പതിമൂന്നാമത് റിപ്പോർട്ടിന്റെ പരിഗണന</u>

<u>ശ്രീ. പ്രമോദ് നാരായൺ</u>: അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ പതിമൂന്നാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

<u>ശ്രീ. അഹമ്മദ് ദേവർകോവിൽ</u>: സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ പതിമൂന്നാമത് റിപ്പോർട്ട് സഭ അംഗീകരിച്ചിരിക്കുന്നു.

(2) <u>സാമാന്യമായി പൊതുതാൽപ്പര്യമുള്ള സംഗതികൾ സംബന്ധിച്ച പ്രമേയങ്ങൾ</u>

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: സഭ അംഗീകരിച്ച അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ റിപ്പോർട്ടുപ്രകാരം ഇന്ന് ശ്രീ. എൻ. ഷംസുദ്ദീൻ നോട്ടീസ് നൽകിയ പ്രമേയത്തിന്റെ തുടർചർച്ചയും മറ്റ് മൂന്ന് അംഗങ്ങൾ നൽകിയ പ്രമേയങ്ങളുടെ അവതരണവും ചർച്ചയുമാണ് നിശ്ചയിച്ചിട്ടുള്ളത്. ശ്രീ. എൻ. ഷംസുദ്ദീൻ നോട്ടീസ് നൽകിയ പ്രമേയം

03-03-2023-ന് സഭയിൽ അവതരിപ്പിക്കുകയും പ്രമേയാവതാരകനും ചർച്ചയിൽ പങ്കെടുത്തുകൊണ്ട് മറ്റ് അംഗങ്ങളും സംസാരിക്കുകയും ചെയ്തിട്ടുള്ളതാണ്. ആയതിനാൽ ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടി മാത്രമാണ് പ്രസ്തുത പ്രമേയവുമായി ബന്ധപ്പെട്ട് ഇനി അവശേഷിക്കുന്നത്. എന്നിരുന്നാലും ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിക്ക് മുമ്പായി പ്രമേയാവതാരകനായ ശ്രീ. എൻ. ഷംസുദ്ദീന് പ്രമേയ വിഷയം സംബന്ധിച്ച് ഒരു ലഘുപ്രസ്താവന നടത്താവുന്നതും ചർച്ചയിൽ പങ്കെടുക്കാൻ പേര് നൽകിയ അംഗങ്ങൾക്ക് കുറഞ്ഞ സമയത്തിനുള്ളിൽ വിഷയത്തെക്കുറിച്ച് സംസാരിക്കാവുന്നതുമാണ്. ഇപ്രകാരം അധികമായി ലഭിക്കുന്ന സമയം മറ്റ് പ്രമേയങ്ങളുടെ ചർച്ചയ്ക്കായി വിനിയോഗിക്കാവുന്നതാണ്. സഭയുടെ അനുമതിയോടുകൂടി അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ റിപ്പോർട്ടിലെ സമയക്രമം ഇപ്രകാരം ഭേദഗതി ചെയ്തതായി അറിയിക്കുന്നു.

നൃൂനപക്ഷ വിദ്യാർഥികളോടുള്ള അവഗണന തിരുത്തുക

(തുടർ ചർച്ച)

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, അങ്ങ് പറഞ്ഞതുപോലെ, ഒരു വർഷവും മൂന്ന് മാസവും മുമ്പ് ഈ സഭയിൽ ഞാൻ അവതരിപ്പിച്ച ഈ പ്രമേയം തുടർചർച്ചയ്ക്കായി മാറ്റിവച്ചതാണ്. സച്ചാർ സമിതി ശിപാർശകളുടെ വെളിച്ചത്തിൽ രാജ്യത്തുടനീളം ന്യൂനപക്ഷ വിദ്യാർഥികൾക്കുവേണ്ടി അനുവദിച്ച സ്കോളർഷിപ്പുകളിൽ ഗവേഷക വിദ്യാർഥികൾക്കുവേണ്ടിയുള്ള മൗലാന ആസാദ് സ്കോളർഷിപ്പും ക്രിസ്ത്യൻ, മുസ്ലീം, പാഴ്സി, സിക്ക്, ജൈന, ബുദ്ധ തുടങ്ങിയ ന്യൂനപക്ഷ വിഭാഗങ്ങളിലെ ഒന്നുമുതൽ പത്തുവരെ ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർഥികൾക്കുള്ള പ്രീ മെട്രിക് സ്കോളർഷിപ്പും ഉൾപ്പെടുന്നുണ്ട്. ഇപ്പോൾ പ്രീ മെട്രിക് സ്കോളർഷിപ്പ് അനുവദിക്കുന്നത് ഒൻപത്, പത്ത് ക്ലാസ്സുകളിൽ മാത്രമായി ചുരുക്കുകയും എട്ടാം ക്ലാസ്സിന് താഴോട്ടുള്ള എല്ലാവരെയും അതിൽനിന്ന് ഒഴിവാക്കുകയുമാണ് ചെയ്തത്. ഈ പ്രമേയത്തിലൂടെ അത് പുനരാരംഭിക്കണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടണമെന്നതാണ് എന്റെ ആവശ്യം. ആ പ്രശ്നം ഇപ്പോഴും നിലനിൽക്കുന്നുണ്ട്. 2022-ൽ അത്

നിർത്തലാക്കി വിതരണം നിലച്ച പശ്ചാത്തലത്തിലാണ് 2023-ൽ ഈ പ്രമേയം സഭയിൽ കൊണ്ടുവന്നത്. ഇന്നും ആ അവസ്ഥ നിലനിൽക്കുകയാണ്. കേന്ദ്രസർക്കാർ അത് പുനരാരംഭിച്ചിട്ടില്ല. അത് പുനരാരംഭിക്കണമെന്ന ഈ പ്രമേയത്തിന്മേൽ ഭരണ-പ്രതിപക്ഷ അംഗങ്ങൾക്ക് തർക്കമുണ്ടെന്ന് തോന്നുന്നില്ല. കാരണം, ന്യൂനപക്ഷ വിദ്യാർഥികൾക്ക് സച്ചാർ കമ്മിറ്റി ശിപാർശകളുടെ വെളിച്ചത്തിലാണ് ഇത്തരത്തിലുള്ള നടപടികൾ വരുന്നത്. യു.പി.എ. ഗവൺമെന്റിന്റെ കാലത്താണ് സച്ചാർ കമ്മിറ്റി ഈ കണ്ടെത്തൽ നടത്തിയത്. പാർലമെന്റ് തിരഞ്ഞെടുപ്പ് കാലത്ത് പ്രധാനമന്ത്രി തിരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടങ്ങളെയെല്ലാം ലംഘിച്ചുകൊണ്ട് നടത്തിയ ഏറ്റവും വർഗീയ വിഷം ചീറ്റുന്ന പരാമർശത്തിലെ ഒരു ഘടകം സച്ചാർ കമ്മിറ്റി ശിപാർശയുമായി ബന്ധപ്പെട്ട് അന്നത്തെ പ്രധാനമന്ത്രിയായിരുന്ന ഡോ. മൻമോഹൻ സിംഗ് പറഞ്ഞ കാര്യങ്ങളായിരുന്നു. കാരണം, സ്വാതന്ത്ര്യം ലഭിച്ച് അരനൂറ്റാണ്ട് പിന്നിടുമ്പോൾ രാജ്യത്തിന്റെ വിഭവങ്ങൾ പങ്കുവച്ചതിൽ ഏറിയപങ്കും ലഭിക്കാതെ പോയത് അല്ലെങ്കിൽ ഏറ്റവും കുറവ് ശതമാനം ലഭിച്ചത് രാജ്യത്തിലെ ന്യൂനപക്ഷക്ഷേമ വിഭാഗങ്ങൾക്കാണ്. അതുകൊണ്ട് ഇനി

രാജ്യത്തിന്റെ പൊതുവിഭവത്തിൽ വലിയ പങ്കിന് അർഹതയുള്ളവർ അവരാണെന്ന പരാമർശം സച്ചാർ കമ്മിറ്റി ശിപാർശകളുമായി ബന്ധപ്പെട്ട് ഡോ. മൻമോഹൻ സിംഗ് നടത്തിയതിനെയാണ്, പ്രധാനമന്ത്രി തിരഞ്ഞെടുപ്പ് വേളയിൽ അറുപിന്തിരിപ്പൻ വർഗീയ പരാമർശമായി രാജ്യത്തെ ഭൂരിപക്ഷ സമുദായത്തിന്റെ കെട്ടുതാലിയെടുത്ത് ഇവിടത്തെ ന്യൂനപക്ഷങ്ങൾക്ക് നൽകാൻ കോൺഗ്രസ് ശ്രമിക്കുന്നതെന്ന പ്രസ്താവന നടത്തിയത്. അതിനാൽ ശക്തമായ സമ്മർദങ്ങളില്ലാതെ കേന്ദ്ര ഗവൺമെന്റിൽനിന്നും നീതി പ്രതീക്ഷിക്കാൻ നമുക്ക് കഴിയില്ല. കഴിഞ്ഞ നരേന്ദ്ര മോദി ഗവൺമെന്റ്, ന്യൂനപക്ഷ ക്ഷേമപ്രവർത്തനങ്ങളുടെ വിഹിതത്തിൽനിന്ന് 3,000 കോടി രൂപയാണ് ബജറ്റിൽ കുറവുവരുത്തിയത്. അതിനാൽ സച്ചാർ സമിതിയുടെ ശിപാർശകളുടെ വെളിച്ചത്തിൽ രാജ്യത്തെ ന്യൂനപക്ഷ വിദ്യാർഥികൾക്ക് അനുവദിച്ചിരുന്ന സ്കോളർഷിപ്പുകൾ (മൗലാനാ ആസാദ് സ്കോളർഷിപ്പും പ്രീ-മെട്രിക് സ്കോളർഷിപ്പും) പുനരാരംഭിക്കണമെന്ന് ഈ പ്രമേയത്തിലൂടെ ശക്തമായി ആവശ്യപ്പെടണം. അക്കാര്യത്തിൽ വിയോജിപ്പിന്റെ പ്രശ്നമുണ്ടാകരുതെന്നാണ് എനിക്ക് പറയാനുള്ളത്. രാജ്യത്തിന്റെ ഭരണഘടന

പിന്നാക്ക ജനവിഭാഗങ്ങൾക്ക് നൽകുന്ന ഉറപ്പാണത്. രാജ്യത്തെ ന്യൂനപക്ഷത്തിന്റെ ക്ഷേമം എന്നത് ആ രാജ്യത്തെ മറ്റെല്ലാവരുടെയും സന്തോഷത്തിന്റെ ഭാഗമാണ്. എല്ലാവരും സന്തോഷിക്കുമ്പോഴും എല്ലാ വിഭാഗത്തിനും പുരോഗതിയുണ്ടാകുമ്പോഴുമാണ് രാഷ്ട്രത്തിന് ക്ഷേമവും ഐശ്വര്യവുമുണ്ടാകുന്നതെന്ന പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെ ചിന്തകൾ ഈ സന്ദർഭത്തിൽ ഞാൻ സ്മരിക്കുകയാണ്. ഈ കാര്യങ്ങൾ പറയുമ്പോൾ, ഇവിടെ കുറ്റപ്പെടുത്തുന്നതല്ല, ന്യൂനപക്ഷ ക്ഷേമ പദ്ധതികൾ നടപ്പാക്കുന്നതിൽ നമ്മുടെ സംസ്ഥാനത്തുള്ള സംവിധാനങ്ങൾക്ക് കുറച്ച് പോരായ്മകളുണ്ട്. ഇവിടെ സ്കോളർഷിപ്പും മറ്റുസഹായങ്ങളുമൊക്കെ വിതരണം ചെയ്യാൻ സെക്രട്ടേറിയറ്റിൽ ഒരു സെക്ഷൻ മാത്രമാണുള്ളത്. ഒരു ജോയിന്റ് സെക്രട്ടറിയുൾപ്പെടെയുള്ള ആറ് ഉദ്യോഗസ്ഥർ മാത്രമാണ് ന്യൂനപക്ഷ ക്ഷേമ വകുപ്പിന്റെ പ്രവർത്തനങ്ങൾ നടപ്പാക്കുന്നത്. ബഹുമാനപ്പെട്ട മന്ത്രിയും സർക്കാരിന്റെ പ്രതിനിധികളും ഇവിടെയുള്ളതുകൊണ്ടാണ് ഇക്കാര്യം ചൂണ്ടിക്കാണിക്കുന്നത്. ഇതിന്റെ ഡയറക്ടറേറ്റിൽ ആകെ 30 ജീവനക്കാരാണുള്ളത്. കേരളത്തിലെല്ലായിടത്തും ഇവരാണ് പ്രവർത്തിക്കേണ്ടത്. കൂടാതെ, ജില്ലാ ഓഫീസിൽ കളക്ടറേറ്റിലെ ഒരു

എൽ.ഡി. ക്ലാർക്ക് മാത്രമാണുള്ളത്. ന്യൂനപക്ഷ വിഭാഗങ്ങൾ കൂടുതലുള്ള മലബാറിലെ മലപ്പുറമുൾപ്പെടെയുള്ള മറ്റുജില്ലകളിൽ ഈ പദ്ധതികൾ നടപ്പാക്കാൻ കളക്ടറേറ്റിലെ ഒരു എൽ.ഡി. ക്ലാർക്ക് മാത്രമാണുള്ളത്. തെക്കൻ ജില്ലകളിൽ ഇപ്പോൾ ക്രിസ്ത്യൻ സമൂഹവും ഈ ന്യൂനപക്ഷത്തിന്റെ ഭാഗമാണ്. കേരളത്തിലെ പദ്ധതികൾ ആ രൂപത്തിലാണ് നടപ്പാക്കുന്നത്. അതിനാലത് നടപ്പാക്കാൻ ജില്ലാ ഓഫീസിൽ കേവലമൊരു എൽ.ഡി. ക്ലാർക്കുമാത്രമാണുള്ളത്. ഇത്രയും വലിയ പദ്ധതികൾ കാര്യക്ഷമമായി നടപ്പാക്കണമെങ്കിൽ നല്ല ഓഫീസ് സംവിധാനമുണ്ടാകണം. അതിന്റെ ഭാഗമായി നടന്നുവന്ന, പൊന്നാനിയിലുൾപ്പെടെയുള്ള മൈനോരിറ്റി കോച്ചിംഗ് സെന്ററുകളുടെ ഇന്നത്തെ അവസ്ഥ പരിതാപകരമാണ്. സിവിൽ സർവ്വീസിനെല്ലാം കോച്ചിംഗ് കൊടുക്കുമെന്ന സങ്കൽപ്പത്തോടുകൂടിയാണ് ഈ മൈനോരിറ്റി കോച്ചിംഗ് സെന്റർ ആരംഭിച്ചത്. എന്നാൽ മറ്റുതരത്തിലുള്ള കോച്ചിംഗ് സെന്ററുകൾ സജീവമായപ്പോൾ ഇത് കേവലം നാമമാത്രമായി മാറി. അതിനാലത് കാര്യക്ഷമമാക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തണം. ഇന്നലെ സഭയിൽ ഉന്നയിച്ച ഒരു ചോദ്യത്തിന് 2024-25-ലെ ബജറ്റിൽ

20 കോടി രൂപ നീക്കിവച്ചിട്ടുണ്ടെന്നാണ് ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞത്. 20 കോടി രൂപയെന്നത് വളരെ അപര്യാപ്തമാണ്. അത് നൽകുന്നത് നല്ല കാര്യമാണ്. പക്ഷേ അതിന്റെ എത്രയോ മടങ്ങ് കോടി രൂപയാണ് കേന്ദ്ര ഗവൺമെന്റിൽനിന്നും ലഭിക്കേണ്ടത്. അതിനുപകരമാക്കി ഇതിനെ കാണാതെ, ഈ പ്രവർത്തനങ്ങൾ നടക്കുന്നതോടൊപ്പം കേന്ദ്രത്തിൽനിന്നുള്ള വിഹിതം ലഭിക്കുന്നതിനുള്ള ശ്രമങ്ങളുമുണ്ടാകണം.

ന്യൂനപക്ഷ ക്ഷേമ വകുപ്പിൽ മുമ്പ് ഭവന പദ്ധതികളുണ്ടായിരുന്നു. പല പ്രദേശങ്ങളിലും ആ ഇനത്തിൽ വീടുകൾ ലഭിച്ചിരുന്നു. അതെല്ലാംകൂടി ലൈഫ് പദ്ധതിയിലുൾപ്പെടുത്തിയപ്പോൾ ഭവന പദ്ധതിയില്ലാതെയായി. ന്യൂനപക്ഷങ്ങൾ കൂടുതലായി താമസിക്കുന്ന പ്രദേശങ്ങളിൽ ന്യൂനപക്ഷ ക്ഷേമ വകുപ്പിന്റെ ഭാഗമായി കുടിവെള്ള പദ്ധതികൾ നൽകിയിരുന്നു. ഇതെല്ലാം ഞങ്ങളുടെ നിയോജകമണ്ഡലങ്ങളിൽ ആ കാലഘട്ടങ്ങളിൽ (2011-16 കാലഘട്ടത്തിൽ) ലഭിച്ചിരുന്നതിനെ ഞാൻ ഈ സന്ദർഭത്തിൽ ഓർമ്മിക്കുകയാണ്. അതെല്ലാം പുനരാരംഭിക്കാൻ ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് നീക്കമുണ്ടാകണമെന്ന് ഞാൻ അഭ്യർഥിക്കുന്നു. ഇവിടെ സൂചിപ്പിച്ച സമയപരിമിതി ഞാൻ മനസ്സിലാക്കുന്നു.

ഈ പ്രമേയം അംഗീകരിക്കണമെന്ന് അഭ്യർഥിക്കുന്നു. നമ്മുടെ സിസ്റ്റത്തിന്റെ പ്രശ്നമാണ്, ഈ പ്രമേയം ഒരു വർഷം മുമ്പ് അവതരിപ്പിച്ച് തുടർചർച്ചയ്ക്കായി മാറ്റിവച്ചു. ചർച്ചയ്ക്കെടുക്കണമെങ്കിൽ വെള്ളിയാഴ്ച നറുക്കുവീഴണം. എന്നാലിപ്പോഴും അതിന്റെ പ്രസക്തി നിലനിൽക്കുന്നുണ്ട്. അതേ രൂപത്തിലുള്ള ഒരു ഗവൺമെന്റാണ് രാജ്യത്ത് മാറിവന്നതെങ്കിലും ജനാധിപത്യത്തിന്റെ ശക്തി വളരെ വലുതാണ്. 400 സീറ്റുമായി വന്ന് ഭരണഘടന മാറ്റാൻ പോയവർ അതിന് സാധിക്കാത്തവിധം കേവല ഭൂരിപക്ഷത്തിൽ മാത്രമാണ് നിൽക്കുന്നത്. തോന്നിയതുപോലെ ഭരിക്കാൻ വിടില്ലെന്ന് ഇന്ത്യൻ ജനത അതിശക്തമായി പ്രഖ്യാപിച്ചുവെന്നതാണ് ഈ തിരഞ്ഞെടുപ്പിന്റെ പ്രത്യേകത. സ്വന്തം നിലയ്ക്ക് ഭൂരിപക്ഷമില്ലാത്ത മോദി സർക്കാർ മറ്റുചില കക്ഷികളുടെ പിന്തുണയോടുകൂടിയാണ് ഭരിക്കുന്നത്. അങ്ങനെയാണെങ്കിൽപ്പോലും പാർലമെന്റിൽ മൂന്നിൽരണ്ട് ഭൂരിപക്ഷമില്ല. ഭരണഘടനയെ അവജ്ഞയോടുകൂടി കണ്ടിരുന്ന അവർക്ക് അതിശക്തമായ തിരുത്താണ് ഇന്ത്യൻ ജനാധിപത്യം അതിന്റെ മെക്കാനിസത്തിലൂടെ നൽകിയത്. ഇപ്പോൾ അവർക്ക് പാർലമെന്റിൽ ഭരണഘടനയെ വണങ്ങേണ്ടതായും പ്രതിപക്ഷ നേതാവ്

സ്ഥാനം നൽകേണ്ടതായുംവന്നു. പാർലമെന്റിൽ ഡെപ്യൂട്ടി സ്പീക്കർ സ്ഥാനം പ്രതിപക്ഷത്തിന് നൽകുകയെന്നത് ജനാധിപത്യത്തിന്റെ വിശാലമായ താല്പര്യമാണ്, ഇക്കാര്യം നമുക്ക് ഇന്ത്യൻ ചരിത്രത്തിലും കാണാവുന്നതാണ്. അവിടെ ഇപ്പോഴും പിടിച്ചുളുങ്ങുന്ന ജനാധിപത്യത്തെ അംഗീകരിക്കാൻ മനസ്സ് സമ്മതിക്കാത്ത അവസ്ഥയിലാണ് ഇന്ന് ഈ ഫാസിസ്റ്റുകളുള്ളതെന്നതുകൂടി നമ്മൾ ഓർക്കണം. എന്നിരുന്നാലും ഈ സാഹചര്യത്തിൽ പഴയ സച്ചാർ സമിതി ശിപാർശകൾ ഇവിടത്തെ ന്യൂനപക്ഷ വിഭാഗങ്ങൾക്കുവേണ്ടി ദേശീയതലത്തിൽ അവതരിപ്പിച്ച് നടപ്പാക്കിക്കൊണ്ടിരുന്നത്, അതിന്റെ ഭാഗമായി കുറെ പ്രയോജനങ്ങളുണ്ടായിട്ടുണ്ട്. മൈനോരിറ്റി കേന്ദ്രങ്ങളിൽ, വിദ്യാഭ്യാസ മേഖലകളിലൊക്കെ വലിയ മാറ്റങ്ങൾ ഈ പദ്ധതിമൂലം ഉണ്ടായിരിക്കുന്നുവെന്നത് ഒരു വസ്തുതയാണ്. എന്നാലിപ്പോഴത് തടസ്സപ്പെട്ടതിനാൽ അവിടെയൊക്കെ പ്രയാസമുണ്ടാകും. അതിനാലത് പുനരാരംഭിക്കണമെന്ന ആവശ്യം വളരെ ന്യായമാണ്. ഇവിടെ ചില ദേഭഗതികളൊക്കെ കൊണ്ടുവന്നിട്ടുണ്ട്. കേന്ദ്രം കേരള സർക്കാരിനോട് ആവശ്യപ്പെടുന്നതെന്നത് മാറ്റി കേന്ദ്രം മാത്രം പോരേയെന്ന് ശ്രീ. പി.

നന്ദകുമാർ അവതരിപ്പിച്ച ഒരു ഭേദഗതിയുണ്ട്. അതെല്ലാം അംഗീകരിക്കാം. കേന്ദ്രം നിർത്തിവച്ച ആനുകൂല്യങ്ങൾ ലഭ്യമാക്കുകയെന്നതാണ് ഈ പ്രമേയത്തിന്റെ താല്പര്യം. അതുവഴി കോടിക്കണക്കിന് രൂപയുടെ ഫണ്ടാണ് നമ്മുടെ സംസ്ഥാനത്തിനുൾപ്പെടെ ലഭിക്കേണ്ടത്. അത് ലഭിക്കണമെന്ന് ആവശ്യപ്പെടുന്ന ഒരു പ്രമേയം പാസ്സാക്കാൻ സർക്കാർ മുന്നോട്ടുവരണം. ആ അർത്ഥത്തിൽ സർക്കാരിന് ഒരു ബുദ്ധിമുട്ടുമില്ലാത്തതും രാഷ്ട്രീയമായി ഒരു പ്രശ്നവുമില്ലാത്തതുമായ ഒരു പ്രമേയമാണിത്. ഇതിനെ അംഗീകരിച്ചുകൊണ്ട് രാജ്യത്തെ ന്യൂനപക്ഷ വിദ്യാർത്ഥികൾ അനുഭവിക്കുന്ന പ്രയാസത്തിൽനിന്ന് അവരെ സഹായിക്കാൻ മുന്നോട്ടുവരണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ പ്രമേയത്തിന്റെ അവതരണവുമായി ബന്ധപ്പെട്ട വാക്കുകൾ ഉപസംഹരിക്കുന്നു.

<u>ശ്രീ. സജീവ് ജോസഫ്</u>: സർ, മഹത്തായ ഇന്ത്യൻ ഭരണഘടന ന്യൂനപക്ഷ ജനവിഭാഗങ്ങളെ സമൂഹത്തിന്റെ മുൻനിരയിലേയ്ക്ക് കൊണ്ടുവരുന്നതിനായി വിദ്യാഭ്യാസരംഗത്ത് മുന്നേറ്റമുണ്ടാക്കുന്നതിന് നിരവധി പ്രവർത്തന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കാൻ നിർദ്ദേശിച്ചിരുന്നു. എങ്കിലും അടുത്തകാലത്ത് ബി.ജെ.പി. സർക്കാർ നടത്തുന്ന ന്യൂനപക്ഷ വേട്ടയുടെ

ഭാഗമായി ഇത്തരത്തിൽ ന്യായമായി ലഭിച്ചുകൊണ്ടിരിക്കുന്ന അവകാശങ്ങളെ ഇല്ലാതാക്കുന്ന സമീപനം വളരെ പ്രതിഷേധാർഹമാണ്. അത്തരമൊരു സാഹചര്യത്തിലാണ് ഇങ്ങനെയൊരു പ്രമേയം ബഹുമാനപ്പെട്ട അംഗം കൊണ്ടുവന്നിട്ടുള്ളത്. കഴിഞ്ഞ മൂന്നുവർഷങ്ങളായി ഒന്നാം ക്ലാസ് മുതൽ എട്ടാം ക്ലാസുവരെയുള്ള കുട്ടികൾക്ക് ലഭിച്ചുകൊണ്ടിരുന്ന സ്കോളർഷിപ്പ് ലഭിക്കുന്നില്ലെന്നുള്ളത് വളരെ ഖേദകരമാണ്. വളരെ വരുമാനം കുറഞ്ഞ കുടുംബങ്ങളിൽപ്പെട്ട കുട്ടികളെയാണ് ഈ സ്കോളർഷിപ്പിന് പരിഗണിച്ചിരുന്നത്. 1500/- രൂപ വീതം ലഭിക്കുമായിരുന്നു. വളരെ ബുദ്ധിമുട്ടേറിയ പ്രയാസകരമായ ചുറ്റുപാടുകളിലൂടെ കടന്നുപോയ ഈ സാഹചര്യത്തിലും....

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: രണ്ടുമിനിറ്റുകൊണ്ട് നിർത്തണം.

<u>ശ്രീ. സജീവ് ജോസഫ്</u>: സർ, ശരി. തീർച്ചയായും. ഈ സാഹചര്യങ്ങളിൽ വെട്ടിക്കുറച്ചിരിക്കുന്ന സ്കോളർഷിപ്പ് പുനഃപരിശോധിക്കണമെന്നും അത് പുന:സ്ഥാപിക്കുന്നതിനുവേണ്ടി സംസ്ഥാന സർക്കാർ ശക്തമായ ഇടപെടൽ നടത്തണമെന്നും അഭ്യർത്ഥിക്കുകയാണ്. അതുപോലെ മറ്റുപല രംഗത്തും നിയന്ത്രണങ്ങൾ കൊണ്ടുവന്നിരിക്കുകയാണ്. **Pradhan Mantri Virasat Ka**

**Samvardhan** (PM VIKAS) പദ്ധതി പല ന്യൂനപക്ഷ വിഭാഗങ്ങൾക്ക് നൽകുമ്പോഴും ഗുരുമുഖി, ബുദ്ധമതം, ജൈനമതം, ഹിമാലയൻ സാംസ്കാരിക പഠനം എന്നിവയ്ക്കൊക്കെയായി ആ പദ്ധതിയെ മാറ്റുമ്പോൾ രാജ്യത്തെ പ്രധാനപ്പെട്ട ന്യൂനപക്ഷങ്ങളായ മുസ്ലീം, ക്രിസ്ത്യൻ മതവിഭാഗങ്ങൾക്ക് അത് നൽകാത്തത് വിഭജന അജണ്ടയുടെ ഭാഗമായി നടപ്പാക്കുന്നതുകൊണ്ടാണ്. കേരളത്തിലെ എയ്ഡഡ് കോളേജുകളിൽ കമ്മ്യൂണിറ്റി ക്വാട്ടയിലും മൈനോറിറ്റി ക്വാട്ടയിലും അഡ്മിഷൻ ലഭിക്കുന്ന കുട്ടികൾക്കും ഇത്തരത്തിലുള്ള സ്കോളർഷിപ്പുകൾ നിഷേധിക്കുന്നത് തികച്ചും അന്യായമാണ്. അതുപോലെ എം.പി. ഫണ്ടിൽനിന്നും ഫണ്ട് അനുവദിക്കുമ്പോൾ **കോർപ്പറേറ്റുകൾക്ക്** നേരത്തെ നൽകിയിരുന്ന എം.പി. ഫണ്ട് വിഹിതം നൽകുന്നതിന് നിയന്ത്രണങ്ങൾ കൊണ്ടുവന്നതും കേന്ദ്ര സർക്കാരിന്റെ വിഭജന രാഷ്ട്രീയത്തിന്റെ ഭാഗമാണ്. അക്കാര്യങ്ങൾ പുനഃപരിശോധിക്കാൻ നടപടിയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ഡോ. കെ. ടി. ജലീൽ: സർ, എന്റെ ബഹുമാന്യ സുഹൃത്ത് ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച പ്രമേയത്തിന്റെ ആദ്യഭാഗത്തോട് പൂർണ്ണമായും

യോജിക്കുന്നു. രണ്ടാംഭാഗം ശരിയല്ലായെന്നതുകൊണ്ടും അസത്യങ്ങൾ നിറഞ്ഞതാണെന്നതുകൊണ്ടും അതിനോടുള്ള ശക്തമായ വിയോജിപ്പും ഞാൻ പ്രകടിപ്പിക്കുന്നു. ഒന്നാം യു.പി.എ. സർക്കാരിന്റെ കാലത്താണ് സച്ചാർ കമ്മിറ്റി രൂപീകൃതമായതും അനുസംബന്ധമായ നടപടിക്രമങ്ങൾ മുന്നോട്ടുപോയതും. ഇന്ത്യയിലെ പിന്നാക്ക ന്യൂനപക്ഷ വിഭാഗങ്ങൾക്ക് ആദ്യമായി ചില പദ്ധതികളും പാക്കേജുകളും ആ സർക്കാർ കൊണ്ടുവന്നു. ഒന്നാം യു.പി.എ. സർക്കാർ യഥാർത്ഥത്തിൽ ഇടതുപക്ഷ പിന്തുണയോടുകൂടി അധികാരത്തിൽവന്ന സർക്കാരുകൂടിയാണ്. അപ്പോൾ എല്ലാവർക്കും ആ സർക്കാരിന്റെ പ്രവർത്തനങ്ങളിൽ പങ്കുണ്ട്. ആ സർക്കാരാണ് നേരത്തെ സൂചിപ്പിച്ച സ്കോളർഷിപ്പുകളും വിദ്യാഭ്യാസ അഭിവൃദ്ധിക്കുവേണ്ടിയിട്ടുള്ള പ്രവർത്തനങ്ങളും നടത്തിയത്. അതേത്തുടർന്ന് വിവിധ സംസ്ഥാനങ്ങളോട് അവരുടെ പരിധിയിൽ ഒതുങ്ങിനിന്നുകൊണ്ടുള്ള പദ്ധതികൾക്ക് തുടക്കംകുറിക്കാൻ ആവശ്യപ്പെടുകയും ചെയ്തിരുന്നു. അതനുസരിച്ച് കേരളത്തിൽ അന്ന് ഭരണം നടത്തിയ വി.എസ്. സർക്കാരും ബംഗാളിലെ സർക്കാരുമാണ് ഒന്നാം യു.പി.എ. സർക്കാരിന്റെ സച്ചാർ കമ്മിറ്റി റിപ്പോർട്ടുമായി ബന്ധപ്പെട്ട്

സംസ്ഥാനങ്ങൾക്ക് അയച്ചുകൊടുത്ത നിർദേശങ്ങളോട് പ്രതികരിച്ചത്. ആ നിർദ്ദേശത്തിന്റെ ഭാഗമായാണ് അലിഗഡ് മുസ്ലീം സർവ്വകലാശാലയുടെ ഓഫ് ക്യാമ്പസ് ഈ സംസ്ഥാനത്ത് ആദ്യമായി ആരംഭിക്കുന്നത്. അതിനാവശ്യമായ 350 ഏക്കർ സ്ഥലം  വി.എസ്. സർക്കാർ അന്നത്തെ വിദ്യാഭ്യാസ വകുപ്പുമന്ത്രിയായ ശ്രീ. എം. എ. ബേബിയുടെ നേതൃത്വത്തിൽ എടുത്തുകൊടുത്തു. പെരിന്തൽമണ്ണയിലെ അന്നത്തെ എം.എൽ.എ. ശശികുമാറാണ് അതിന് എല്ലാവിധ സഹായങ്ങളും ചെയ്ത് മുന്നിലുണ്ടായിരുന്നത്. കേരള സംസ്ഥാനത്ത് എന്തൊക്കെ പദ്ധതികൾ പ്രത്യേകമായി നടപ്പാക്കാൻ സാധിക്കുമെന്നുള്ളതിനെ സംബന്ധിച്ച് ആലോചിക്കുന്നതിന് ശ്രീ. പാലോളി മുഹമ്മദ് കുട്ടി ന്യൂനപക്ഷക്ഷേമ വകുപ്പിന്റെ ചുമതല വഹിച്ചിരുന്ന സന്ദർഭത്തിൽ അദ്ദേഹത്തിന്റെ നേതൃത്വത്തിൽ ഒരു കമ്മിറ്റിയെ വി.എസ്. സർക്കാർ നിയോഗിച്ചു. ആ കമ്മിറ്റിയുടെ ശിപാർശപ്രകാരം നിരവധി പദ്ധതികൾ നിർദ്ദേശിക്കപ്പെട്ടു. ആ പദ്ധതികൾ അക്കാലത്തുതന്നെ ആരംഭിക്കുകയും ചെയ്തു. ആദ്യമായി ന്യൂനപക്ഷക്ഷേമ വകുപ്പ് കേരളത്തിൽ രൂപീകരിക്കപ്പെടുന്നത് 2010-ലാണ്. 2006 മുതൽ 2011 വരെ വി.എസ്. സർക്കാരാണ് സംസ്ഥാനം

ഭരിച്ചിരുന്നത്. അതുപോലെ പൊന്നാനിയിൽ ഉൾപ്പെടെ മൈനോറിറ്റി കോച്ചിംഗ് സെന്ററുകൾ, സിവിൽ സർവ്വീസ് കോച്ചിംഗ് സെന്ററടക്കം വന്നത് ശ്രീ. പാലോളി മുഹമ്മദ് കുട്ടി ന്യൂനപക്ഷക്ഷേമ വകുപ്പിന്റെ ചുമതല വഹിച്ചിരുന്ന കാലഘട്ടത്തിലാണ്. അത് ഞാൻ ഇന്നും ഓർക്കുന്നു. പയ്യന്നൂർ, മലപ്പുറം, കൊച്ചി, ആലുവ തുടങ്ങിയ സ്ഥലങ്ങളിലെല്ലാം മൈനോറിറ്റി കോച്ചിംഗ് സെന്ററുകൾ ആദ്യമായി ആരംഭിച്ചു. അതിനുശേഷം 2011-ൽ അധികാരത്തിൽവന്ന യു.ഡി.എഫ് സർക്കാരും ആ രംഗത്ത് ചെയ്യാൻ കഴിയുന്ന പ്രവർത്തനങ്ങൾ...., മൈനോറിറ്റി കോച്ചിംഗ് സെന്ററുകളുടെ എണ്ണം വർദ്ധിപ്പിച്ചു. സംസ്ഥാനത്ത് ഉന്നതവിദ്യാഭ്യാസ മേഖലയിലെ പാവപ്പെട്ട ന്യൂനപക്ഷ വിഭാഗങ്ങളിൽപ്പെടുന്ന പെൺകുട്ടികൾക്കുള്ള സ്കോളർഷിപ്പും ശ്രീ. പാലോളി മുഹമ്മദ് കുട്ടിയുടെ കാലത്താണ് തുടങ്ങിയത്. ആ സ്കോളർഷിപ്പിനാണ് പിന്നീട് സി.എച്ച്. മുഹമ്മദ് കോയ സ്കോളർഷിപ്പ് എന്ന് 2011-ൽ അധികാരത്തിൽ വന്ന യു.ഡി.എഫ്. സർക്കാർ പുനർനാമകരണം ചെയ്തത്. ഞങ്ങളെല്ലാവരും അതിനെ സ്വാഗതം ചെയ്തു. കാരണം സി.എച്ച്. മുഹമ്മദ് കോയ സാഹിബ് കേരളത്തിൽ ഏറെക്കാലം വിദ്യാഭ്യാസ വകുപ്പ്

കൈകാര്യം ചെയ്തിട്ടുള്ള മന്ത്രിയാണ്. അതിനുശേഷം 2016 മുതൽ ഒന്നാം പിണറായി സർക്കാരിന്റെ കാലത്ത് പുതിയ പദ്ധതികൾക്ക് സംസ്ഥാന ബജറ്റിൽ പണം വകയിരുത്തിക്കൊണ്ട് ഇവിടെ നടപ്പാക്കി. കേന്ദ്ര സർക്കാരിന്റെ ഒരു ഫണ്ടും അതിനുവേണ്ടി അന്നും ഇന്നും കിട്ടിയിട്ടില്ല. കേന്ദ്ര സർക്കാർ അവരുടെ ഫണ്ട് ജനറൽ എഡ്യൂക്കേഷൻ വകുപ്പ് മുഖേന നടപ്പാക്കി. കേന്ദ്ര ഗവൺമെന്റ് ന്യൂനപക്ഷക്ഷേമ വകുപ്പ് വഴി അപ്പോഴും ഒരു പദ്ധതിയും നടപ്പിലാക്കിയിട്ടില്ലെന്നുള്ളത് പ്രത്യേകം ഓർക്കണം. 2016-17-ൽ ഒന്നാം പിണറായി സർക്കാരിന്റെ കാലത്ത് 4315 കുട്ടികൾക്ക് പതിനയ്യായിരം രൂപവീതം നൽകുന്ന പ്രൊഫ. ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ് എന്ന പുതിയൊരു പദ്ധതി ആരംഭിച്ചു. 2018-19-ൽ എ.പി.ജെ. അബ്ദുൽകലാമിന്റെ പേരിൽ പോളിടെക്നിക്കിൽ പഠിക്കുന്ന പാവപ്പെട്ട വിദ്യാർത്ഥികൾക്കുള്ള സാമ്പത്തിക സഹായം 6000/-രൂപവച്ച് നൽകുന്ന ഒരു പദ്ധതി നടപ്പാക്കി. 1365 പേർക്കാണ് അതിന്റെ ആനുകൂല്യം ലഭിച്ചത്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: പ്ലീസ്.....സമയം കഴിഞ്ഞു.

ഡോ. കെ. ടി. ജലീൽ: സർ, 2018-19-ൽ നഴ്സിംഗ് മേഖലയിലെ ന്യൂനപക്ഷ വിഭാഗങ്ങളിൽപ്പെടുന്ന പാവപ്പെട്ട കുട്ടികൾക്ക് മദർ തെരേസ സ്കോളർഷിപ്പും ഏർപ്പെടുത്തുകയുണ്ടായി. പതിനയ്യായിരം രൂപവീതമാണ് 750 പേർക്ക് അന്ന് നൽകിയത്. അതിനുപുറമേ 2019-20 കാലഘട്ടത്തിൽ പ്രീ-മാരിറ്റൽ കൗൺസിലിംഗ് സെന്ററുകൾ സ്ഥാപിച്ചു. തലശ്ശേരി, പേരാമ്പ്ര, പെരുമണ്ണ, വളാഞ്ചേരി, ആലത്തിയൂർ, പട്ടാമ്പി, ചാവക്കാട്, മട്ടാഞ്ചേരി, കുണ്ടറ എന്നിവിടങ്ങളിലായി ഒമ്പത് പുതിയ ന്യൂനപക്ഷ കോച്ചിംഗ് സെന്ററുകൾ അന്ന് ആരംഭിച്ചു. ബഹുമാന്യനായ എൻ. ഷംസുദ്ദീൻ ഇവിടെ സൂചിപ്പിച്ച കുടിവെള്ള പദ്ധതി, 2011 മുതൽ 2016 വരെ മാത്രമല്ല, 2016 മുതൽ 2019 വരെയും നടന്നിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം ശ്രീ. പി. ഉബൈദുള്ളയോട് ചോദിച്ചാലറിയാം. അദ്ദേഹത്തിന്റെ അദ്ധ്യക്ഷതയിൽ അദ്ദേഹത്തിന്റെ നിയോജകമണ്ഡലത്തിൽ ഞാനാണ് മൈനോറിറ്റി വിഭാഗങ്ങൾക്കുള്ള കുടിവെള്ള പദ്ധതിയുടെ ഉദ്ഘാടന കർമ്മം നിർവ്വഹിച്ചത്. അതൊക്കെ ഇപ്പോഴും നടക്കുന്നുണ്ട്. ഇത് ഏതായാലും കേന്ദ്രസർക്കാരിനെ പറയുമ്പോൾ, ഒന്ന് കേന്ദ്രസർക്കാരിനിട്ടും ഒരു തട്ടുതട്ടാം എന്നുള്ള നിലയിൽമാത്രം

എഴുതിച്ചേർത്തിട്ടുള്ള വാചകങ്ങളാണ്. അതുകൊണ്ട് ആ അസത്യപ്രസ്താവന തീർച്ചയായും പിൻവലിക്കണം. കേന്ദ്ര സർക്കാർ, അവർ ഈ രാജ്യത്തുള്ള നേരത്തെ സൂചിപ്പിച്ചതുപോലെ ന്യൂനപക്ഷ ജനവിഭാഗങ്ങൾക്കുള്ള..........

മി. ഡെപ്യൂട്ടി സ്പീക്കർ: അങ്ങ് ഒന്നരമിനിറ്റ് അധികമെടുത്തു.

ഡോ. കെ. ടി. ജലീൽ: സർ, ഒരു മിനിറ്റ് .......

മി. ഡെപ്യൂട്ടി സ്പീക്കർ: ചെയറിനോട് സഹകരിക്കുക.

ഡോ. കെ. ടി. ജലീൽ: സർ, ന്യൂനപക്ഷ വിഭാഗങ്ങളെക്കുറിച്ച് എന്തെങ്കിലും പറഞ്ഞാൽ ഈ രാജ്യത്തുള്ള ഭൂരിപക്ഷ സമുദായം അതിന്റെ കൂടെനിൽക്കുമെന്നാണ് ബി.ജെ.പി. തെറ്റിദ്ധരിച്ചത്. ബാബറി മസ്ജിദ് തകർത്ത സ്ഥലത്ത് 1800 കോടി രൂപ ചെലവിട്ട് രാമക്ഷേത്രം പണിതു. 95 ശതമാനത്തിലധികം ഹൈന്ദവ മതവിശ്വാസികളുള്ള ആ മണ്ണിലാണ് അറുപതിനായിരത്തിലധികം വോട്ടുകൾക്ക് ബി.ജെ.പി. തോറ്റതെന്ന് നമ്മൾ മറന്നുപോകരുത്. അത് വ്യക്തമാക്കുന്നത് ഈ രാജ്യത്ത് മൃദുഹിന്ദുത്വസമീപനവും ഹാർഡ് ഹിന്ദുത്വസമീപനവും ഒരുപോലെ സ്വീകരിക്കുന്ന ആളുകൾക്കുള്ളതാണ്.... (മൈക്ക് ഓഫ്)......

ശ്രീ. പി. ഉബൈദുള്ള: സർ, ന്യൂനപക്ഷ വിദ്യാർത്ഥികളോടുള്ള അവഗണന തിരുത്തണമെന്നാവശ്യപ്പെട്ട് എന്റെ മാന്യ സഹപ്രവർത്തകൻ ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച പ്രമേയത്തെ ഞാൻ അനുകൂലിക്കുകയാണ്. സച്ചാർ കമ്മിറ്റിയുടെ ശിപാർശകൾ നടപ്പാക്കുന്നതിൽ കേന്ദ്ര ഗവൺമെന്റ് താൽപ്പര്യം കാണിക്കുന്നില്ലെന്ന് മാത്രമല്ല വർഷങ്ങൾക്കുമുമ്പേ ന്യൂനപക്ഷ ജനവിഭാഗങ്ങൾ അനുഭവിച്ചുവന്നിരുന്ന അവകാശങ്ങൾ ഒന്നൊന്നായി തടഞ്ഞുവയ്ക്കുകയും കവർന്നെടുത്തുകൊണ്ടിരിക്കുകയുമാണ്. അതിനെതിരായി നമ്മളെല്ലാവരും യോജിച്ച രീതിയിലുള്ള പ്രതിഷേധമറിയിക്കുകയും കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തുകയും വേണം. അതോടൊപ്പം ഇവിടെ എന്റെ മാന്യ സ്നേഹിതൻ ഡോ. കെ. ടി. ജലീൽ പറഞ്ഞു; സച്ചാർ കമ്മിറ്റിയുടെ പേര് മാറ്റി പാലോളി കമ്മിറ്റി എന്നാക്കി എന്ന്. ആ പേര് മാറ്റിയതല്ലാതെ കാര്യമായിട്ടുള്ളൊരു പദ്ധതിയും അതിന്റെ ഭാഗമായി സംസ്ഥാനത്ത് നടപ്പാക്കിയിട്ടില്ലെന്നതാണ് യാഥാർത്ഥ്യം. ന്യൂനപക്ഷ സ്കോളർഷിപ്പിന്റെ കാര്യത്തിൽ സംസ്ഥാന സർക്കാരും അലംഭാവം കാണിക്കുകയാണ്. പ്രൊഫ. ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ്, എ.പി.ജെ. അബ്ദുൾകലാം സ്കോളർഷിപ്പ്,

സി.എച്ച്. മുഹമ്മദ് കോയ സ്കോളർഷിപ്പ് അതുപോലെ നഴ്സിംഗ് പാരാമെഡിക്കൽ കോളേജ് വിദ്യാർത്ഥികൾക്കുള്ള മദർ തെരേസ സ്കോളർഷിപ്പ് എന്നിവയ്ക്കൊന്നും പുതിയ അപേക്ഷകൾ ക്ഷണിക്കുന്നില്ല. 2016-17-ൽ നടപ്പാക്കിയെന്ന് അദ്ദേഹം ഇവിടെ പറഞ്ഞു, അത് ശരിയാണ്. പക്ഷേ, അത് നടപ്പാക്കിയയിടത്ത് തന്നെ നിൽക്കുകയാണ്. സമയബന്ധിതമായി ഈ സ്കോളർഷിപ്പുകൾ അർഹരായ ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് ലഭിക്കുന്നില്ലെന്നതാണ് യാഥാർത്ഥ്യം. അതുകൊണ്ട് കേന്ദ്ര ഗവൺമെന്റ് നിർത്തലാക്കിയിട്ടുള്ള സ്കോളർഷിപ്പ് പുനഃസ്ഥാപിക്കാൻ നമ്മൾ ആവശ്യപ്പെടുന്നതോടൊപ്പം നമ്മുടെ സംസ്ഥാനത്ത് വർഷങ്ങളായി ന്യൂനപക്ഷവിഭാഗങ്ങൾക്ക് ലഭ്യമായിക്കൊണ്ടിരിക്കുന്ന സ്കോളർഷിപ്പ് തുക കൃത്യമായി വിതരണം ചെയ്യാനും നടപടിയുണ്ടാകണം. അതോടൊപ്പം ചേർത്ത് പറയേണ്ട മറ്റൊരു കാര്യം കേരള സംസ്ഥാന വഖഫ് ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ജീവനക്കാർക്ക് ലഭിക്കേണ്ട വിവാഹ ധനസഹായം, ചികിത്സാ ധനസഹായം, പ്രതിമാസ പെൻഷൻ തുടങ്ങിയിട്ടുള്ള ആനുകൂല്യങ്ങളൊക്കെ നാല് വർഷമായി പെൻഡിംഗിലാണെന്നതാണ്. വഖഫ് ബോർഡിന്

നൽകേണ്ട 6 കോടി രൂപ ഇപ്പോഴും പെൻഡിംഗിലാണ്. ഈ ബജറ്റിൽപ്പോലും വഖഫ് ബോർഡിന് തുക മാറ്റിവച്ചിട്ടില്ല. വഖഫ് ബോർഡിൽ ജോലി ചെയ്യുന്ന ജീവനക്കാർ തുച്ഛമായ ശമ്പളത്തിന് ജോലി ചെയ്യുന്നവരാണ്. ഒരു സർക്കാരിന്റെയും സാമ്പത്തിക സഹായമില്ലാതെ പ്രതിമാസം നാട്ടുകാരിൽ നിന്ന് പിരിവെടുത്ത് തുച്ഛമായ വേതനത്തിൽ ജോലി ചെയ്ത് 60 വയസ്സ് കഴിഞ്ഞാൽ ജോലിയിൽ നിന്ന് വിരമിച്ച് പോകുന്ന വഖഫ് ബോർഡിലെ ജീവനക്കാർ...

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: പ്ലീസ് കൺക്ലൂഡ്.

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, അവരുടെ പ്രതിമാസ പെൻഷൻ 1000/- രൂപയാണ്. ഇവിടെ സാമൂഹിക സുരക്ഷാ പെൻഷൻ പദ്ധതികളുടെ ഭാഗമായി കൊടുക്കുന്നത് 1600/- രൂപയാണ്. അതുകൊണ്ട് വഖഫ് ബോർഡ് മുഖേന കൊടുത്തുകൊണ്ടിരിക്കുന്ന ആനുകൂല്യങ്ങളുടെ തുക കാലോചിതമായി വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കണമെന്നുകൂടി ഈ പ്രമേയവുമായി ബന്ധപ്പെട്ട് ഞാൻ ആവശ്യപ്പെടുകയാണ്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: യെസ്... യെസ്... പ്ലീസ്...

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, ഇതിനുമുമ്പ് വഖഫ് ബോർഡിന് ലഭിച്ചിരുന്ന ഗ്രാന്റ് തുക വർഷാവർഷം വർദ്ധിപ്പിക്കുമായിരുന്നു. എന്നാൽ ഇപ്പോൾ വഖഫ് ബോർഡിന്റെ ഗ്രാന്റിന്റെ കാര്യത്തിൽ ആനുപാതികമായ വർദ്ധനവ് ഉണ്ടാകുന്നില്ല. അക്കാര്യം കൂടി ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിലുണ്ടാകണമെന്ന നിർദ്ദേശം മുന്നോട്ടുവച്ചുകൊണ്ട് നിർത്തുന്നു.

ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (<u>ശ്രീ. വി. അബ്ദുറഹിമാൻ</u>): സർ, ബഹുമാനപ്പെട്ട എൻ. ഷംസുദ്ദീൻ, എം.എൽ.എ.-യുടെ പ്രമേയത്തിൽ വസ്തുതാപരമായിട്ടുള്ള കാര്യങ്ങൾ വളരെ കുറവാണ്. രാജ്യത്തുതന്നെ കേരളമാണ് ന്യൂനപക്ഷ ജനവിഭാഗങ്ങൾക്കുവേണ്ടി ഏറ്റവും കൂടുതൽ കാര്യങ്ങൾ ചെയ്തിട്ടുള്ളത്. അതോടൊപ്പംതന്നെ പ്രമേയത്തിൽ അദ്ദേഹം ആരോപിച്ച കാര്യങ്ങൾ തെറ്റാണെന്ന് തെളിയിക്കുന്ന നിരവധി രേഖകൾ എന്റെ കൈവശമുണ്ട്. ഞാൻ അതിലേയ്ക്കൊന്നും കടക്കുന്നില്ല. അതിൽ പ്രധാനപ്പെട്ടൊരു കാര്യം മനസ്സിലാക്കേണ്ടത് ന്യൂനപക്ഷ ജനവിഭാഗങ്ങൾക്കായി കേന്ദ്ര ഗവൺമെന്റ് അനുവദിച്ചിരുന്ന 3000 കോടി രൂപ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തെ ബജറ്റിൽ 30 കോടി രൂപയായി കുറവ്

ചെയ്ത സമയത്ത് അതേക്കുറിച്ച് കേരളത്തിൽ നിന്നുള്ള മുസ്ലീം ലീഗിന്റെ എം.പി.-മാർ അടക്കമുള്ള ജനപ്രതിനിധികൾ ഒരു വാക്ക് ശബ്ദിച്ചതായി ഞാനോ അല്ലെങ്കിൽ ഇന്ന് പ്രമേയം അവതരിപ്പിച്ച ബഹുമാനപ്പെട്ട എൻ. ഷംസുദ്ദീൻ അടക്കമുള്ളവർ ഈ സഭയിൽ പറയുന്നത് കേട്ടിട്ടില്ലെന്ന വസ്തുത ഈ അവസരത്തിൽ പറയാൻ ആഗ്രഹിക്കുകയാണ്. മറ്റൊരു കാര്യം, കേരളത്തിലെ ഗവൺമെന്റ് ന്യൂനപക്ഷ വിഭാഗത്തിനായി നിരവധി പദ്ധതികളാണ് നടപ്പാക്കിയിട്ടുള്ളത്. ബഹുമാനപ്പെട്ട പി. ഉബൈദുള്ള പറഞ്ഞ കാര്യത്തിൽ, ന്യൂനപക്ഷ വിഭാഗത്തിലുള്ള ബിരുദ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് ഏറ്റവും നല്ല രീതിയിൽ അപേക്ഷകർക്ക് മുഴുവൻ കൊടുക്കുന്നുണ്ട്. ഇവിടെയുള്ളൊരു കാര്യം, അപേക്ഷകർ പൂർണ്ണമായി വരാത്തതുകൊണ്ടാണ് കുറേക്കൂടി തുക നമ്മുടെ കയ്യിൽ ബാക്കിയാകുന്നത്. കഴിഞ്ഞ വർഷം മുതൽ എല്ലാ പത്രമാധ്യമങ്ങളിലും പരസ്യം കൊടുക്കുന്നുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ കുറേക്കൂടി അപേക്ഷകരുടെ എണ്ണം വർദ്ധിച്ചിട്ടുണ്ട്. സി.എച്ച്. മുഹമ്മദ് കോയയുടെ പേരിലുള്ള സ്കോളർഷിപ്പ് ബിരുദ വിദ്യാർത്ഥികൾക്ക് 5000/- രൂപയും ബിരുദാനന്തര വിദ്യാർത്ഥികൾക്ക് 6000/-

രൂപയും പ്രൊഫഷണൽ കോളേജുകളിലെ വിദ്യാർത്ഥികൾക്ക് 7000/- ഹോസ്റ്റൽ സ്റ്റൈപെന്റ് 13000/- രൂപയുമാണ് നൽകുന്നത്. നഴ്സിംഗ് വിദ്യാർത്ഥികൾക്കായുള്ള മദർ തെരേസ സ്കോളർഷിപ്പ്- 15000/- രൂപയാണ് കൊടുക്കുന്നത്. എ.പി.ജെ. അബ്ദുൾകലാം സ്കോളർഷിപ്പ് സർക്കാർ എയ്ഡഡ്, അംഗീകൃത സ്വാശ്രയ പോളിടെക്നിക് കോളേജിൽ പഠിക്കുന്ന കുട്ടികൾക്കുള്ളതാണ്. അതിലൂടെ 6000/- രൂപയാണ് നൽകുന്നത്. സി.എ./ സി.എം.എ./സി.എസ്. കോഴ്സുകളിലെ വിദ്യാർത്ഥികൾക്ക് പ്രതിവർഷം 15000/- രൂപയാണ് സ്കോളർഷിപ്പായി നൽകുന്നത്. ഐ.ഐ.ടി. പോലുള്ള സ്ഥാപനങ്ങളിൽ പഠിക്കുന്ന കുട്ടികൾക്ക് 50,000/- രൂപ വരെ സ്കോളർഷിപ്പ് കൊടുക്കുന്നുണ്ട്. പ്രൊഫ. ജോസഫ് മുണ്ടശ്ശേരിയുടെ പേരിലുള്ള അവാർഡ് തുക ഏറ്റവും നല്ല രീതിയിൽ വിതരണം ചെയ്തുവരുന്നുണ്ട്. 15,000/- രൂപയാണ് അതിലൂടെ നൽകുന്നത്. സിവിൽ സർവ്വീസ് പരീക്ഷയ്ക്ക് തയ്യാറെടുക്കുന്ന ന്യൂനപക്ഷ മതവിഭാഗങ്ങളിലെ ഉദ്യോഗാർത്ഥികൾക്ക് സിവിൽ സർവ്വീസ് ഫീ റീ-ഇംബേഴ്സ്മെന്റ് സ്കീം പ്രകാരം 20,000/- രൂപ കോഴ്സ് ഫീസിനത്തിലും ഹോസ്റ്റൽ ഫീ ഇനത്തിൽ 10,000/- രൂപയും കൊടുക്കുന്നുണ്ട്. ഇന്ത്യയിൽ

മറ്റൊരു സംസ്ഥാനത്തും ഇത്തരത്തിൽ ഈ പദ്ധതികൾ നടക്കുന്നില്ലെന്ന കാര്യം ബഹുമാനപ്പെട്ട അംഗങ്ങൾ മനസ്സിലാക്കണം. വിദേശ പഠനത്തിനുള്ള സ്കോളർഷിപ്പായി ഒരു സാമ്പത്തിക വർഷം ഏറ്റവും കുറഞ്ഞത് 1,00,000/- രൂപ നമ്മൾ കൊടുക്കുന്നുണ്ട്. അതിൽ 2022-23 സാമ്പത്തിക വർഷം മുതൽ പരമാവധി 5 ലക്ഷം രൂപ വരെ കൊടുക്കാമെന്നുള്ള രീതിയിലേയ്ക്ക് കാര്യങ്ങൾ മാറിയിട്ടുണ്ട്. ബഹുമാനപ്പെട്ട ഇബ്രാഹിം സുലൈമാൻ സേട്ടിന്റെ പേരിലുള്ള ഉറുദു സ്കോളർഷിപ്പായി 1000/- രൂപയാണ് നൽകുന്നത്. സ്വകാര്യ ഐ.ടി.ഐ-കളിൽ വിവിധ കോഴ്സുകൾ പഠിക്കുന്ന കുട്ടികൾക്ക് ഇപ്പോൾ 10,000/- രൂപ വരെ സ്കോളർഷിപ്പ് നൽകുന്നുണ്ട്. ഇതിനൊക്കെപ്പുറമെ നമ്മൾ ഏതെല്ലാം രീതിയിലാണോ ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുന്നതുമായി ബന്ധപ്പെട്ട് കൂടുതൽ സൗകര്യമൊരുക്കാൻ കഴിയുക അതിന്റെ ഭാഗമായി നമ്മളിപ്പോൾ 11 പുതിയ കോച്ചിംഗ് സെന്ററുകൾ ആരംഭിക്കാൻ നടപടിയെടുത്തിട്ടുണ്ട്. സംസ്ഥാനത്ത് ബി.എസ്.എൻ.എൽ.-ന്റെ കീഴിലുള്ള എക്സ്ചേഞ്ചുകളുടെ പ്രവർത്തി അവസാനിപ്പിച്ചിട്ടുണ്ട്. എല്ലാ സ്ഥലങ്ങളിലും നഗരമധ്യത്തിൽ തന്നെയാണ് അവ സ്ഥിതിചെയ്യുന്നത്. അത്തരം

എക്സ്ചേഞ്ചുകൾ ഏറ്റെടുത്തുകൊണ്ട് അവിടങ്ങളിലാണ് പുതിയ കോച്ചിംഗ് സെന്ററുകൾ ആരംഭിക്കാൻ ഗവൺമെന്റ് തീരുമാനിച്ചിരിക്കുന്നത്. അതോടൊപ്പംതന്നെ എല്ലാ ജില്ലാ കേന്ദ്രങ്ങളിലും ന്യൂനപക്ഷ ഫിനാൻസ് കോർപ്പറേഷന്റെ ബ്രാഞ്ചുകൾ ആരംഭിക്കാൻ തീരുമാനിച്ച് അതിന്റെ നടപടികൾ പൂർത്തീകരിച്ച് വരികയാണ്. ശ്രീ. വി. എസ്. അച്യുതാനന്ദന്റെ ഭരണകാലത്തുണ്ടായിരുന്ന പാലോളി കമ്മിഷനുശേഷം ഒന്നും രണ്ടും പിണറായി ഗവൺമെന്റുകൾ ന്യൂനപക്ഷ വിഭാഗത്തിൽപ്പെടുന്ന ജനവിഭാഗങ്ങൾക്കും വിദ്യാർത്ഥികൾക്കുംവേണ്ടി ചെയ്തിട്ടുള്ള കാര്യങ്ങൾ വിസ്മരിച്ചുകൂടായെന്നുള്ള കാര്യംകൂടി ഈ അവസരത്തിൽ പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. രാജ്യത്തെ ന്യൂനപക്ഷ വിഭാഗങ്ങളിൽപ്പെട്ട ഒന്ന് മുതൽ എട്ട് വരെ ക്ലാസുകളിലെ വിദ്യാർത്ഥികൾക്ക് കേന്ദ്രസർക്കാർ നൽകിവരുന്ന പ്രീ-മെട്രിക് സ്കോളർഷിപ്പ് 2022 സാമ്പത്തികവർഷം മുതൽ നിർത്തലാക്കിയിട്ടുണ്ട്. പ്രതിവർഷം ആറ് ലക്ഷത്തോളം വിദ്യാർത്ഥികൾക്കാണ് ഈ ആനുകൂല്യം ലഭ്യമായിരുന്നത്. കേന്ദ്ര സർക്കാർ തലത്തിലുള്ള ഏറ്റവും വലിയ സ്കോളർഷിപ്പ് നിർത്തലാക്കിയത് ധാരാളം

കുട്ടികളെ ബാധിക്കുന്ന പ്രശ്നമാണ്. ആ സ്കോളർഷിപ്പ് പുനരാരംഭിക്കുന്നതിനുവേണ്ടിയാണ് 20 കോടി രൂപ ഗവൺമെന്റ് വകയിരുത്തുകയും ആവശ്യമായാൽ അത് വർദ്ധിപ്പിക്കാൻ തയ്യാറാണെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അറിയിക്കുകയും ചെയ്തത്. ഇക്കാര്യങ്ങൾ ഈ വർഷം മുതൽ നടപ്പാക്കുമെന്നതിൽ യാതൊരു സംശയവും വേണ്ട. മൗലാനാ അബ്ദുൽ കാലാം ആസാദിന്റെ പേരിലുള്ള സ്കോളർഷിപ്പ് സംസ്ഥാനമല്ല കൊടുക്കുന്നത്. അത് കേന്ദ്ര ഗവൺമെന്റ് നേരിട്ട് അപേക്ഷ സ്വീകരിച്ചാണ് പണം നൽകുന്നത്. അത് നിർത്തലാക്കിയിട്ടുണ്ട്. അതിന് പകരമുള്ള സംവിധാനത്തെക്കുറിച്ച് നമുക്ക് ആലോചിക്കാവുന്നതാണ്. രാജ്യത്തെ ന്യൂനപക്ഷ ഗവേഷണ വിദ്യാർത്ഥികൾക്കുള്ള യു.ജി.സി.-സി.എസ്.ഐ.ആർ. ഗവേഷണ ഫെലോഷിപ്പിന്റെ മാതൃകയിൽ കേന്ദ്ര ന്യൂനപക്ഷ മന്ത്രാലയമാണ് ആ സ്കോളർഷിപ്പ് നൽകുന്നത്. കഴിഞ്ഞ വർഷം സ്കോളർഷിപ്പ് നൽകിയത് വൈകിയെന്നാണ് പ്രധാനമായും പ്രമേയത്തിൽ പറഞ്ഞിട്ടുള്ള കാര്യം. അന്ന് ബന്ധപ്പെട്ട സംവിധാനത്തിൽ വന്നിട്ടുള്ള കുഴപ്പംകൊണ്ടാണ് നമുക്ക് ചെയ്യാൻ കഴിയാതെ പോയത്.

ശ്രീ. റോജി എം. ജോൺ: സർ, ക്രൈസ്തവ ന്യൂനപക്ഷങ്ങളുടെ പിന്നാക്കാവസ്ഥയെക്കുറിച്ച് പഠിക്കുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി സർക്കാർ രൂപീകരിച്ച ജസ്റ്റിസ് ജെ. ബി. കോശി കമ്മിഷൻ റിപ്പോർട്ട് സർക്കാരിന് ലഭ്യമായിട്ടുണ്ട്. അതിൽ എന്ത് തുടർനടപടികളാണ് സർക്കാർ സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ശ്രീ. വി. അബ്ദുറഹിമാൻ: സർ, ഞാൻ അതിന് ഒറ്റവാക്കിൽ മറുപടി പറയാം. ജസ്റ്റിസ് ജെ. ബി. കോശി കമ്മിഷൻ റിപ്പോർട്ടുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളെല്ലാം പൂർത്തീകരിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട ചീഫ് സെക്രട്ടറി ഇതുമായി ബന്ധപ്പെട്ട് ഒരു മീറ്റിംഗ് ഇന്ന് വിളിച്ചിട്ടുണ്ട്. അതോടുകൂടി എല്ലാ വകുപ്പുകളിൽനിന്നും ലഭ്യമായ ശിപാർശകൾപ്രകാരം അടിയന്തരമായി നടപ്പാക്കാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. അതിന്റെ നടപടികൾ പൂർത്തീകരിച്ചുവരുന്നു.

രാജ്യത്തെ ന്യൂനപക്ഷ വിദ്യാർത്ഥികൾ, ഗവേഷണ വിദ്യാർത്ഥികൾ തുടങ്ങിയ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് കേന്ദ്ര ഗവൺമെന്റ് അവസാനിപ്പിച്ചു. ന്യൂനപക്ഷമുൾപ്പെടെയുള്ള സമൂഹത്തിൽ എല്ലാ വിഭാഗത്തിലും യു.ജി.സി.-

സി.എസ്.ഐ.ആർ. ഫെലോഷിപ്പ് ലഭ്യമാണ്. കൂടാതെ, കേന്ദ്ര സാമൂഹിക സുരക്ഷാ മന്ത്രാലയം പട്ടികജാതി പിന്നാക്ക വിഭാഗങ്ങൾക്കായി നടപ്പാക്കിവരുന്ന ദേശീയ ഫെലോഷിപ്പ് സ്കീമിന്റെ പരിധിയിൽ ന്യൂനപക്ഷ വിഭാഗങ്ങളും ഉൾപ്പെടുമെന്ന് കേന്ദ്രസർക്കാർ മൗലാനാ ആസാദ് സ്കോളർഷിപ്പ് പിൻവലിക്കുന്നതിന് കാരണമായി പറയുന്നുണ്ട്. ഈ ഫെലോഷിപ്പ് പുനരാരംഭിക്കുന്നത് സംബന്ധിച്ച് കേന്ദ്ര ന്യൂനപക്ഷ മന്ത്രാലയവുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിക്കുന്നതാണ്. സംസ്ഥാന തലത്തിൽ സ്കോളർഷിപ്പ് പദ്ധതികൾ നടപ്പാക്കുന്നതിനുമുമ്പ് ചില നടപടിക്രമങ്ങൾ പൂർത്തീകരിക്കേണ്ടതുണ്ട്. മേയ്-ജൂൺ മാസത്തോടുകൂടി സ്കോളർഷിപ്പിനുള്ള ഭരണാനുമതി നൽകിയാലും ഒക്ടോബർ-നവംബർ മാസങ്ങളിൽ മാത്രമാണ് കേരളത്തിലെ ഇൻസ്റ്റിറ്റ്യൂഷനുകളിൽ അഡ്മിഷൻ പ്രക്രിയ പൂർത്തിയാക്കുന്നത്. അഡ്മിഷൻ പ്രക്രിയ പൂർത്തീകരിച്ചശേഷം മാത്രമാണ് സ്കോളർഷിപ്പ് അപേക്ഷകൾ ക്ഷണിക്കാൻ സാധിക്കുകയുള്ളൂ. ന്യൂനപക്ഷ ക്ഷേമ വകുപ്പിന്റെ എല്ലാ സ്കോളർഷിപ്പുകളും അതത് അക്കാദമിക വർഷത്തിൽതന്നെ നൽകാറുണ്ട്. ശ്രീ. ജസ്റ്റിൻ പള്ളിവാതിൽക്കൽ ഫയൽ ചെയ്ത ഡബ്ല്യൂ.പി.സി. 4355/2020

നമ്പർ കേസിലെ വിധിന്യായ പ്രകാരം  സ്കോളർഷിപ്പുകൾ ന്യൂനപക്ഷ വിഭാഗങ്ങൾക്ക് ജനസംഖ്യാനുപാതികമായി വിതരണം ചെയ്യേണ്ടതാണെന്ന് ഉത്തരവായിട്ടുണ്ട്. അതിന്റെയടിസ്ഥാനത്തിൽ മുസ്ലീം ജനവിഭാഗങ്ങൾക്ക് 59.06 ശതമാനവും  ക്രിസ്ത്യൻ ജനവിഭാഗങ്ങൾക്ക് 40.87 ശതമാനവും ബാക്കി സൂക്ഷ്മ ന്യൂനപക്ഷ ജനവിഭാഗങ്ങൾക്ക് എന്ന നിലയിലാണ് വിതരണം ചെയ്യേണ്ടത്. ഒരു വിഭാഗത്തിൽ സ്കോളർഷിപ്പ് അപേക്ഷകൾ കുറവായാൽ ബാക്കി തുക മറ്റ് വിഭാഗങ്ങൾക്ക് വിതരണം ചെയ്യാൻ സാധ്യമല്ല. തുകകൾ പൂർണ്ണമായും ഉപയോഗിക്കാൻ കഴിയാത്തത് അപേക്ഷകരുടെ ലഭ്യതക്കുറവുകൊണ്ടാണ്. ന്യൂനപക്ഷ സ്കോളർഷിപ്പുകളുടെ അപേക്ഷ സ്വീകരിക്കുന്നതും ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതും സ്കോളർഷിപ്പ് പോർട്ടൽ മുഖേന ഓൺലൈനിലാണ്. കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സ്കോളർഷിപ്പ് പോർട്ടലിന്റെ ഭാഗമായി ന്യൂനപക്ഷ സ്കോളർഷിപ്പ് പോർട്ടൽ മാനേജ് ചെയ്യുന്നത്  കേന്ദ്ര സർക്കാർ സ്ഥാപനമായ നാഷണൽ ഇൻഫോർമാറ്റിക്സ് സെന്റർ (NIC) ആണ്. 2022-23 സാമ്പത്തിക വർഷം പോർട്ടൽ ഹാക്ക് ചെയ്തതിനോടനുബന്ധിച്ച് സോഫ്റ്റ്‌വെയർ ആഡിറ്റ്

പ്രോസസ്സ് ചെയ്യേണ്ടിവന്നു. പ്രസ്തുത പോർട്ടൽ സോഫ്റ്റ്‌വെയർ ആഡിറ്റ് ഏജൻസിയായ എസ്.ടി.ക്യൂ.സി. (Standardization Testing and Quality Certification) മുഖാന്തരം സെക്യൂരിറ്റി ആഡിറ്റ് നടത്തുകയും ചെയ്തു. ഇക്കാര്യത്താൽ 2023 ഫെബ്രുവരി പകുതിയോടുകൂടി മാത്രമെ സ്കോളർഷിപ്പിന് അപേക്ഷകൾ ക്ഷണിക്കാൻ സാധിച്ചിട്ടുള്ളൂ. തുടർന്ന് നടപടികൾ ത്വരിതപ്പെടുത്തുകയും 17438 ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് 15.88 കോടി രൂപ സ്കോളർഷിപ്പ് ഇനത്തിൽ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. 2023-24 സാമ്പത്തിക വർഷത്തിൽ 20073 വിദ്യാർത്ഥികൾക്കായി 19.5 കോടി രൂപയും അനുവദിച്ചു. സ്കോളർഷിപ്പ് വിതരണത്തിന്റെ കാര്യത്തിൽ പ്രമേയാവതാരകൻ ആരോപിക്കുന്നതുപോലെ യാതൊരു അവഗണനയും സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടായിട്ടില്ല. ഓരോ വിഭാഗത്തിനും അനുപാതമനുസരിച്ചുള്ള അപേക്ഷകളുടെ ലഭ്യതക്കുറവുകൊണ്ട് മാത്രമാണ് സ്കോളർഷിപ്പ് പദ്ധതികൾക്ക് അനുവദിച്ച തുക പൂർണ്ണമായും വിനിയോഗിക്കാൻ സാധിക്കാത്തത്. കേന്ദ്ര സർക്കാർ നിർത്തലാക്കിയിട്ടുള്ള പ്രീ-മെട്രിക് സ്കോളർഷിപ്പ് ഈ സാമ്പത്തിക വർഷം മുതൽ സംസ്ഥാന സർക്കാർ പുനരാരംഭിക്കാൻ തീരുമാനിച്ചതുതന്നെ

ന്യൂനപക്ഷ വിഭാഗ വിദ്യാർത്ഥികളോടുള്ള സംസ്ഥാന സർക്കാരിന്റെ പ്രതിബദ്ധതയായിത്തന്നെ കാണേണ്ടതാണ്. മേൽപറഞ്ഞ അവസ്ഥകളുടെ അടിസ്ഥാനത്തിൽ ഔദ്യോഗിക പ്രമേയത്തിലെ കണ്ടന്റുകളൊക്കെ ഗവൺമെന്റ് ചെയ്തുവരികയാണ്. ഇത്തരത്തിലുള്ള പ്രമേയത്തിന്റെ സാധ്യത നിലനിൽക്കാത്തതുകൊണ്ട് പ്രമേയത്തെ നിരസിക്കുകയാണ്.

ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച പ്രമേയം പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ പ്രസ് ചെയ്യുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: അനുകൂലിക്കുന്നവർ ...........

പ്രതികൂലിക്കുന്നവർ .........

പ്രമേയം സഭ നിരാകരിച്ചിരിക്കുന്നു.

## 2. ഭക്ഷ്യ പൊതുവിതരണ മേഖലയിൽ സംസ്ഥാനത്തോടുള്ള വിവേചനം അവസാനിപ്പിക്കുക

ശ്രീമതി കാനത്തിൽ ജമീല: സർ, "സംസ്ഥാനത്തിന് അർഹതപ്പെട്ട ഭക്ഷ്യധാന്യവിഹിതവും മണ്ണെണ്ണയും അനുവദിക്കാതെയും ഭക്ഷ്യധാന്യ ടൈഡ് ഓവർ വിഹിതം വർദ്ധിപ്പിക്കാതെയും ഓപ്പൺ മാർക്കറ്റ് സെയിൽസ് സ്കീം പ്രകാരം ഭക്ഷ്യധാന്യങ്ങൾ വാങ്ങുന്നതിനുള്ള ടെൻഡറിൽ സ്വകാര്യ സ്ഥാപനങ്ങൾക്ക് മാത്രം പങ്കെടുക്കുവാൻ സാധിക്കുന്ന വിധത്തിൽ സപ്ലൈകോ അടക്കമുള്ള സർക്കാർ ഏജൻസികൾക്ക് വിലക്കേർപ്പെടുത്തിയും പൊതുജനങ്ങൾക്ക് ദോഷകരമായ തീരുമാനങ്ങൾ അടിച്ചേൽപ്പിച്ച് പൊതുവിതരണ രംഗത്ത് പ്രതിസന്ധി സൃഷ്ടിക്കുവാനുള്ള കേന്ദ്രസർക്കാരിന്റെ ശ്രമങ്ങൾ തുടർന്നുവരുന്നു. സംസ്ഥാനത്തെ ജനങ്ങളോടുള്ള വിവേചനപരമായ തീരുമാനങ്ങൾ പിൻവലിക്കണമെന്നും അർഹതപ്പെട്ട അവശ്യ ഉൽപന്നങ്ങൾ വെട്ടിക്കുറവ് വരുത്താതെയും കാലവിളംബം കൂടാതെയും സംസ്ഥാനത്തിന് അനുവദിക്കണമെന്നും നിരവധി തവണ സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുള്ളതാണ്. ഇത്തരത്തിൽ

പ്രതിസന്ധികൾ സൃഷ്ടിക്കുന്നതിന് ശ്രമങ്ങൾ നടക്കുമ്പോഴും പൊതുവിതരണം ഒരു പരിധിവരെ തടസ്സമില്ലാതെ മുന്നോട്ട് കൊണ്ടു പോകുന്നതിന് സാധ്യമായ എല്ലാ നടപടികളും സ്വീകരിച്ചുകൊണ്ട് ഇക്കാര്യത്തിലും സംസ്ഥാനസർക്കാർ ജനങ്ങളോടുള്ള ഉത്തരവാദിത്വം നിറവേറ്റി വരുന്നു. എന്നാൽ സംസ്ഥാനത്തിന്റെ നിയന്ത്രണത്തിനതീതമായി കേന്ദ്രസർക്കാർ പുലർത്തുന്ന വിവേചനപരമായ തീരുമാനങ്ങൾ സ്ഥിതിഗതികൾ കൂടുതൽ സങ്കീർണ്ണമാക്കുന്ന സാഹചര്യം സംസ്ഥാനത്തുണ്ടായിരിക്കുന്നു. ഈ സാഹചര്യത്തിൽ സംസ്ഥാനത്തോടുള്ള വിവേചനം അവസാനിപ്പിച്ച് അർഹതപ്പെട്ട ഭക്ഷ്യധാന്യങ്ങൾ, മണ്ണെണ്ണ എന്നിവയുടെ വിഹിതം വെട്ടിക്കുറവില്ലാതെ അനുവദിക്കണമെന്നും ടൈഡ് ഓവർ വിഹിതം വർദ്ധിപ്പിക്കണമെന്നും ഒ.എം.എസ്. സ്കീമിൽ സർക്കാർ ഏജൻസികൾക്ക് ഏർപ്പെടുത്തിയിരിക്കുന്ന വിലക്ക് പിൻവലിക്കണമെന്നും ഈ സഭ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുന്നു.' ' എന്ന പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീമതി ദെലീമ: സർ, പ്രമേയത്തെ ഞാൻ പിന്താങ്ങുന്നു.

ശ്രീമതി കാനത്തിൽ ജമീല: സർ, പൊതുവിദ്യാഭ്യാസം, പൊതുജനാരോഗ്യം, പൊതുവിതരണ സമ്പ്രദായം എന്നിവയെ അടിസ്ഥാനമാക്കിയാണ് കേരളത്തെ എല്ലാകാലത്തും വിലയിരുത്തുന്നത്. പൊതുവിതരണ സമ്പ്രദായം കേരളത്തിൽ നല്ല രീതിയിൽ, ശക്തമായി നടന്നുപോന്നിരുന്ന ഒരു സ്ഥിതിയായിരുന്നു മുൻകാലങ്ങളിലുണ്ടായിരുന്നത്. 1964-ൽ ജവഹർലാൽ നെഹ്റു പ്രധാനമന്ത്രിയായിരുന്ന കാലഘട്ടത്തിലാണ് കേരളത്തിൽ സ്റ്റാറ്റ്യൂട്ടറി റേഷൻ സമ്പ്രദായത്തിന് തുടക്കം കുറിച്ചത്. കൊടിയ ഭക്ഷ്യക്ഷാമം നേരിടുന്ന കാലഘട്ടത്തിൽ സംസ്ഥാനത്തിനാവശ്യമുള്ള ഭക്ഷ്യധാന്യം നൽകണമെന്ന കേരളത്തിന്റെ നിരന്തരമായ ആവശ്യവും പാവപ്പെട്ടവന്റെ പടത്തലവനെന്ന് അറിയപ്പെടുന്ന എ.കെ.ജി.-യുടെ നേതൃത്വത്തിൽ വലിയ പ്രക്ഷോഭസമരങ്ങളും നടത്തിയതിന്റെ ഭാഗമായാണ് കേരളത്തിന് സ്റ്റാറ്റ്യൂട്ടറി റേഷൻ സമ്പ്രദായം അനുവദിച്ചു കിട്ടിയത്. സുഗന്ധവ്യഞ്ജനങ്ങൾ, നാളികേരം, റബ്ബർ തുടങ്ങിയ ഉൽപന്നങ്ങൾ കയറ്റി അയയ്ക്കാൻ സാധിച്ചപ്പോൾ വലിയതോതിൽ വിദേശനാണ്യം കേരളത്തിന് ലഭിച്ചത് ഇന്ത്യാ രാജ്യത്തിനുതന്നെ മുതൽക്കൂട്ടാവുകയും ചെയ്തിട്ടുള്ളതാണ്.

കേരളത്തിൽ ഏറ്റവും കൂടുതൽ ഭക്ഷ്യക്ഷാമമുണ്ടായിരുന്ന കാലത്താണ് സ്റ്റാറ്റ്യൂട്ടറി റേഷൻ സമ്പ്രദായം അനുവദിച്ചുനൽകിയത്. എന്നാൽ നല്ലരീതിയിൽ നടത്തിയിരുന്ന സ്റ്റാറ്റ്യൂട്ടറി റേഷൻ സമ്പ്രദായം പിന്നീട് വലിയതോതിൽ കുറഞ്ഞുപോയതിന്റെ ഫലമായി ഇപ്പോൾ വലിയ ഭക്ഷ്യക്ഷാമം നേരിടുന്ന ഒരു സ്ഥിതിവിശേഷമുണ്ടാകുകയും ചെയ്തുകൊണ്ടിരിക്കുകയാണ്.

ഭാഷാടിസ്ഥാനത്തിൽ സംസ്ഥാനം രൂപീകരിക്കുന്ന സമയത്ത് കേരളത്തിന്റെ നെല്ലറ എന്നറിയപ്പെടുന്ന നാഞ്ചിനാട് തമിഴ്നാടിനോട് ചേർന്നപ്പോഴാണ് നമുക്ക് ഏറ്റവും വലിയ ഭക്ഷ്യക്ഷാമം നേരിട്ടത്. 1990-ൽ നരസിംഹറാവു ഗവൺമെന്റ് ഈ രാജ്യത്ത് ആഗോള ഉദാരവത്കരണ നയങ്ങൾ നടപ്പിലാക്കാൻ ആരംഭിച്ചതോടെയാണ് സബ്സിഡികളിൽനിന്നും ഗവൺമെന്റ് പിന്നോട്ടുപോകുന്ന അവസ്ഥയുണ്ടായത്. അതോടെ റേഷൻ സമ്പ്രദായമടക്കം അവതാളത്തിലാകുന്ന ഒരു സ്ഥിതിവിശേഷമുണ്ടായി. തുടർന്ന് 2013-ൽ രണ്ടാം യു.പി.എ. ഗവൺമെന്റ് National Food Security Act (NFSA) നടപ്പിലാക്കിയതോടെ കേരളത്തിൽ സ്റ്റാറ്റ്യൂട്ടറി റേഷൻ സമ്പ്രദായത്തിന്റെ പതനം തുടങ്ങുകയാണുണ്ടായത്. പല മാനദണ്ഡങ്ങൾ വച്ചുകൊണ്ടാണ് ഇപ്പോൾ

റേഷൻ സാധനങ്ങൾ കൊടുക്കുന്നത്. പൊതുന്യായവില ഷോപ്പ് എന്ന് റേഷൻ കടയെ അറിയപ്പെടുന്ന ഒരു കാലഘട്ടമുണ്ടായിരുന്നു. അന്ന് എല്ലാവർക്കും ഒരേ രീതിയിലുള്ള കാർഡും എല്ലാവർക്കും ഒരേ രീതിയിൽ ഭക്ഷ്യസാധനങ്ങളും റേഷൻ കടയിൽനിന്നും ലഭിച്ചിരുന്നു. ആർക്കും ഒരു പ്രയാസവുമില്ലാത്ത രീതിയിൽ, ആളോഹരി കണക്കാക്കിയായിരുന്നു അന്ന് ഭക്ഷ്യസാധനങ്ങൾ ലഭിച്ചിരുന്നത്.

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: സർ, യു.പി.എ. ഗവൺമെന്റിന്റെ കാലത്ത് കേരളീയനായ ഒരു മന്ത്രിയാണ് കേന്ദ്ര സിവിൽ സപ്ലൈസ് വകുപ്പ് കൈകാര്യം ചെയ്തിരുന്നതെന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീമതി കാനത്തിൽ ജമീല: സർ, ശ്രീ. എ. കെ. ആന്റണി കേന്ദ്ര സിവിൽ സപ്ലൈസ് വകുപ്പുമന്ത്രിയായിരുന്ന കാലത്താണ് എ.പി.എൽ., ബി.പി.എൽ.......

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ........മൈക്ക് ഓഫ്......

ശ്രീമതി കാനത്തിൽ ജമീല: സർ, ഞാൻ രാഷ്ട്രീയമല്ല പറഞ്ഞത്... നമുക്ക് ഈ പ്രമേയം ഐകകണ്ഠ്യേന പാസ്സാക്കേണ്ടതാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: ഇന്ന് വെള്ളിയാഴ്ചയാണ്. കൃത്യസമയത്ത് സമ്മേളനം അവസാനിപ്പിക്കേണ്ടതുണ്ട്. ശ്രീ. എൻ. ഷംസുദ്ദീൻ.......പ്ലീസ്..... പ്ലീസ്.....

ശ്രീമതി കാനത്തിൽ ജമീല: സർ, ഓരോ കാലഘട്ടത്തിലും നയത്തിൽ മാറ്റമുണ്ടായിരിക്കാം. എ.പി.എൽ., ബി.പി.എൽ. എന്നിങ്ങനെ തരംതിരിച്ചതുപോലെ കാർഡിന്റെ കളറിലും മാറ്റമുണ്ടായി. നീല കാർഡ്, പിങ്ക് കാർഡ്, മഞ്ഞ കാർഡ്, വെള്ള കാർഡ് എന്നുപറയുന്നതുപോലെ ജനങ്ങളെ തരംതിരിക്കുന്ന ഒരു രീതിയിലായിരുന്നു റേഷൻ സമ്പ്രദായം പോയിട്ടുള്ളത്. അതിനുശേഷം ജനങ്ങൾക്ക് വലിയ പ്രയാസമുണ്ടായി. ഏറ്റവും ദരിദ്രരായവരടക്കം ബി.പി.എൽ. കാർഡ് ലിസ്റ്റിൽനിന്നും പുറത്തുപോകുന്ന ഒരു സ്ഥിതിവിശേഷവുമുണ്ടായിരുന്നു. കേരളത്തിൽ അതെല്ലാം പരിഹരിച്ചുവരുന്ന സ്ഥിതിയുണ്ടായി. മാത്രമല്ല, അക്കാലത്ത് ഭക്ഷ്യധാന്യം 16.25 ല ക്ഷം മെട്രിക് ടണ്ണിൽനിന്നും 14.25 ലക്ഷം മെട്രിക് ടണ്ണായി വെട്ടിക്കുറയ്ക്കപ്പെട്ടു. യു.പി.എ. ഗവൺമെന്റിന്റെ ഈ നിയമം നടപ്പാക്കിയതിനുശേഷം രണ്ട് ലക്ഷം മെട്രിക് ടൺ ഭക്ഷ്യധാന്യങ്ങൾ സംസ്ഥാനത്ത് നഷ്ടമായതെന്നുള്ളതാണ് അതിന്റെ

പ്രത്യേകത. ടൈഡ് ഓവർ വിഹിതം നിർത്തലാക്കിയതുമൂലം 57% വരുന്ന മുൻഗണനേതര കാർഡുകൾക്ക് നൽകിവരുന്ന നാമമാത്രമായ റേഷൻ പ്രതിസന്ധിയിലാകുകയാണ് അക്കാലത്തുണ്ടായത്. തുടർന്ന് 2014-ൽ ബി.ജെ.പി. ഗവൺമെന്റ് അധികാരത്തിൽ വന്നു. ബി.ജെ.പി. സർക്കാർ അധികാരത്തിൽ വന്നശേഷം വൈരനിര്യാതന ബുദ്ധിയോടെയാണ് കേരളത്തെ കണ്ടുവരുന്നത്. അതുകൊണ്ട് വലിയ പ്രയാസത്തിൽ നമ്മൾ എത്തുകയാണ്.

പ്രളയകാലത്ത് കൊടുത്ത അരിയുടെ പണമടക്കം ചോദിച്ചുവാങ്ങുന്ന ഒരു സ്ഥിതിയാണ് ഇന്ന് കേന്ദ്രം ഭരിക്കുന്ന ബി.ജെ.പി. ഗവൺമെന്റ് ചെയ്തിട്ടുള്ളത്. അതുപോലെയാണ് ഒരു ബ്രാൻഡ് ഇറക്കിയിട്ടുള്ളത്. കഴിഞ്ഞ തിരഞ്ഞെടുപ്പിന്റെ മുന്നോടിയായി, തിരഞ്ഞെടുപ്പ് ബ്രാൻഡായിട്ടാണ് 'ഭാരത് റൈസ്' എന്ന പേരിലുള്ള അരി രാജ്യത്ത് ഇറക്കിയിട്ടുള്ളത്. എഫ്.സി.ഐ. ഗോഡൗണുകളിൽ സംഭരിച്ചിട്ടുള്ള അരി, ഓപ്പൺ മാർക്കറ്റ് സെയിൽ സ്കീം വഴി ടെൻഡറിൽ പങ്കെടുക്കുന്ന സപ്ലൈകോ അടക്കമുള്ള സ്ഥാപനങ്ങൾക്ക് കിലോയ്ക്ക് 24 രൂപയ്ക്ക് നൽകുകയും അതിൽനിന്നും ഒരു രൂപ കുറച്ച് 23 രൂപാ നിരക്കിൽ സംസ്ഥാനത്ത് വിതരണം ചെയ്യുകയും ചെയ്തിരുന്നു. എന്നാൽ Open Market

Sales (OMS) സ്കീമിൽ സംസ്ഥാന സർക്കാർ ഏജൻസികളെ വിലക്കുകയും പകരം സ്വകാര്യ ഏജൻസികൾക്ക് പങ്കെടുക്കുവാൻ അനുമതി നൽകുകയും ചെയ്തു. അവർക്ക് കിലോയ്ക്ക് 18.59 രൂപാ നിരക്കിൽ അരി നൽകുകയും 29 രൂപ നിരക്കിൽ പൊതുവിപണിയിൽ സ്വകാര്യ ഏജൻസികൾ മുഖേന 'Bharat Rice' എന്ന പേരിൽ വിതരണം ചെയ്യാൻ അനുമതി നൽകുകയും ചെയ്തു. എന്നാൽ കേന്ദ്രം നൽകുന്ന അരി കിലോയ്ക്ക് 18.59 രൂപ നിരക്കിൽ സംസ്ഥാനത്തെ ഏജൻസികൾക്ക് ലഭിക്കുകയാണെങ്കിൽ ആ അരി വെറും 22 രൂപയ്ക്ക് വിപണിയിൽ എല്ലാവർക്കുമായി കൊടുക്കാൻ കഴിയുമായിരുന്നു. സർക്കാർ ഏജൻസികളെ ഈ ടെൻഡറിൽ പങ്കെടുക്കാൻ അനുവദിക്കാതെയാണ് 'ഭാരത് റൈസ്' എന്ന പരിപാടി ആരംഭിച്ചത്. ഇത് ബി.ജെ.പി. ഗവൺമെന്റിന്റെ ഏറ്റവും വിലകുറഞ്ഞ ഒരു രാഷ്ട്രീയക്കളിയാണ് എന്നതിനേക്കാളുപരി വലിയ അഴിമതിയാണെന്നാണ് ഇതുസംബന്ധിച്ച് എനിക്ക് പറയാനുള്ളത്.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ് കൺക്ലൂഡ്....

ശ്രീമതി കാനത്തിൽ ജമീല: സർ, റേഷൻ വിതരണത്തിനായി സംസ്ഥാന സർക്കാർ ഒരു വർഷം 912 കോടി രൂപയാണ് ചെലവാക്കുന്നത്. എന്നാൽ

86 കോടി രൂപ മാത്രമാണ് കേന്ദ്ര വിഹിതമായി ഇന്ന് അനുവദിക്കുന്നത്. പത്തിലൊന്ന് തുകമാത്രമാണ് കേന്ദ്രം ഇന്ന് അനുവദിച്ചുകൊണ്ടിരിക്കുന്നത്. ആ സാഹചര്യത്തിലാണ് ഓരോ റേഷൻ കടയുടെയും മുമ്പിലും പ്രധാനമന്ത്രി മോദിയുടെ സെൽഫി പോയിന്റ് വേണമെന്ന് പറയുന്നത്. എത്ര നിന്ദയും മോശവുമായ കാര്യമാണെന്ന് ഒന്ന് ആലോചിച്ചു നോക്കൂ...

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീമതി കാനത്തിൽ ജമീല.... ചെയറുമായി സഹകരിക്കണം..... ഇന്ന് വെള്ളിയാഴ്ചയാണ്....

ശ്രീമതി കാനത്തിൽ ജമീല: സർ, ഇതുകൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കാം. കേരളം ഭക്ഷ്യധാന്യങ്ങളുടെ വിലയിനത്തിൽ 336 കോടി രൂപയാണ് ചെലവാക്കുന്നത്. കൂടാതെ റേഷൻ വ്യാപാരികളുടെ കമ്മീഷൻ ഇനത്തിൽ 324 കോടി രൂപ, ട്രാൻസ്പോർട്ടേഷൻ, മറ്റ് കൈകാര്യ ചെലവ്, ഗോഡൗൺ വാടക, അനുബന്ധ ചെലവുകൾ എന്നിവയ്ക്കുള്ള 252 കോടി രൂപ തുടങ്ങി ആകെ 912 കോടി രൂപ സംസ്ഥാന സർക്കാർ റേഷൻ വിതരണം ചെയ്യുന്നതിനായി ചെലവിടുന്നുണ്ട്. ഇതിൽ 86 കോടി രൂപ മാത്രമാണ് കേന്ദ്ര സർക്കാർ നൽകുന്നത്. ഇതാണ് ഞാൻ ഈ പ്രമേയം അവതരിപ്പിക്കാനുണ്ടായ

കാര്യം. കേന്ദ്രം കേരളത്തോട് കാണിക്കുന്ന ഈ അവഗണന അവസാനിപ്പിക്കണമെന്നുള്ളതാണ് ഈ പ്രമേയത്തിലൂടെ ഞാൻ അവതരിപ്പിച്ചിട്ടുള്ളത്. ഈ പ്രമേയം സഭ ഐകകണ്ഠ്യേന അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ഭേദഗതികൾ നൽകിയിട്ടുള്ള അംഗങ്ങളാരും സഭയിൽ ഹാജരില്ലാത്തതുകൊണ്ട് ഭേദഗതികൾ പരിഗണിക്കേണ്ടതില്ല.

ശ്രീ. ഐ. ബി. സതീഷ്: സർ, ഞാൻ ഈ പ്രമേയത്തെ പിന്തുണയ്ക്കുകയാണ്. ഏറെ പ്രസക്തവും അനിവാര്യവുമായ ഒരു പ്രശ്നമാണ് ബഹുമാനപ്പെട്ട അംഗം പ്രമേയത്തിലൂടെ അവതരിപ്പിച്ചത്. നമുക്ക് അറിയാവുന്നതുപോലെ ഒരു പ്രദേശത്ത് അധിനിവേശം നടത്താൻ ആഗ്രഹിക്കുന്ന ശക്തികൾ ആ പ്രദേശത്തെ സാമ്പത്തികമായി ദുർബലപ്പെടുത്തുകയും അവിടെയുള്ള ജനങ്ങളെ പട്ടിണിക്കിരയാക്കുകയും ചെയ്യുന്ന ഒരു രീതി അവലംബിക്കാറുണ്ട്. അതിന് സമാനമായ സാഹചര്യമാണ് കേരളത്തോട് രാഷ്ട്രീയ കാരണങ്ങളാൽ കേന്ദ്ര സർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ഇത് സ്വയം സംസാരിക്കുന്ന കണക്കുകളിലൂടെ

നമുക്ക് മനസ്സിലാക്കാൻ കഴിയും. കേരളത്തിന് 12.72 ലക്ഷം മെട്രിക് ടൺ അരിയും 3.53 ലക്ഷം മെട്രിക് ടൺ ഗോതമ്പും ഉൾപ്പെടെ 16.25 ലക്ഷം മെട്രിക് ടൺ ഭക്ഷ്യ ധാന്യങ്ങൾ ലഭിച്ചിരുന്നു. എന്നാൽ അത് ഇപ്പോൾ മൊത്തം 14.25 ലക്ഷം മെട്രിക് ടണ്ണായി വെട്ടിക്കുറയ്ക്കപ്പെട്ടു. ചുരുക്കത്തിൽ സംസ്ഥാനത്തിന് പ്രതിവർഷം അനുവദിക്കുന്ന ഭക്ഷ്യധാന്യങ്ങളുടെ അളവിൽ 2 ലക്ഷം മെട്രിക് ടണ്ണിന്റെ കുറവാണുണ്ടായത്. അതോടൊപ്പം ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം നടപ്പാക്കിയതിലൂടെ റേഷൻ വിതരണ സംവിധാനത്തിൽനിന്നും പുറത്താക്കപ്പെട്ട 57 ശതമാനം വരുന്ന ജനവിഭാഗത്തിന് നാമമാത്രമായെങ്കിലും അരി വിതരണം നടത്താൻ കഴിയുന്നത് കേന്ദ്രം അനുവദിച്ചുവന്ന ടൈഡ് ഓവർ അരിവിഹിതത്തിൽ നിന്നാണ്. ടൈഡ് ഓവർ അരി വിഹിതത്തിൽ വർദ്ധനവ് വരുത്തണമെന്ന കാര്യം കേന്ദ്ര സർക്കാർ നിർദയം നിരാകരിക്കുകയാണ് ചെയ്തിട്ടുള്ളത്. മറ്റ് കണക്കുകളിലേയ്ക്ക് ഞാൻ കടക്കുന്നില്ല. തീരദേശമേഖലകളിൽ ദുരിതമനുഭവിക്കുന്ന മത്സ്യത്തൊഴിലാളികളുടെ ജീവിതത്തെ കൂടുതൽ ദുരിതപൂർണ്ണമാക്കുന്ന കണക്കുകളാണ് മണ്ണെണ്ണ വിതരണത്തിന്റെ കാര്യത്തിൽ ഉണ്ടായിട്ടുള്ളത്. 2020-21 സാമ്പത്തിക

വർഷത്തിൽ 37056 കിലോ ലിറ്റർ മണ്ണെണ്ണ സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ട്. 2023-24-ൽ 7776 കിലോ ലിറ്റർ മണ്ണെണ്ണയും, ഇത് 2024-25-ൽ 3120 കിലോ ലിറ്റർ മാത്രമായി പരിമിതപ്പെട്ടുമെന്നാണ് മനസ്സിലാക്കപ്പെടുന്നത്. യഥാർത്ഥത്തിൽ നമുക്കെല്ലാം അറിയാവുന്നതുപോലെ, ബഹുമാനപ്പെട്ട അംഗം കൃത്യമായി വിശദീകരിച്ചതുപോലെ, ഇന്ത്യൻ പാർലമെന്റിനകത്ത് മഹാനായ എ.കെ.ജി. നടത്തിയ അതിശക്തമായ പ്രക്ഷോഭത്തിന്റെ ഭാഗമായാണ് ഇന്ത്യയ്ക്കാകെ മാതൃകയായ പൊതുവിതരണ ശൃംഖല കേരളത്തിൽ സ്ഥാപിതമായത്. എന്നാൽ ഐക്യകേരള സംസ്ഥാനത്തിന് മുമ്പുതന്നെ പട്ടിണിക്കെതിരായ മനുഷ്യന്റെ പോരാട്ടത്തിന് കേരളത്തിലെ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം നേതൃത്വം നൽകിയതായി നമുക്ക് മനസ്സിലാക്കാൻ സാധിക്കുന്നതാണ്. 'ഉരി അരിപോലും കിട്ടാനില്ല, ഉദയാസ്തമനം വരെ നിന്ന് നരച്ചാലും' എന്ന അവസ്ഥ ഉണ്ടായപ്പോഴാണ് കരിവെള്ളൂർ പ്രക്ഷോഭമുണ്ടായത്. കരിവെള്ളൂരിൽ ചിറക്കൽ തമ്പുരാന്റെ പത്തായ പുരയ്ക്കകത്ത് നിറച്ചുവച്ചിരുന്ന ഭക്ഷ്യ ധാന്യങ്ങൾ പാവപ്പെട്ട മനുഷ്യന് വിതരണം ചെയ്യുന്നതിനുവേണ്ടി കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നേതൃത്വത്തിൽ നടത്തിയ ആ പ്രക്ഷോഭത്തിന്റെ

ഭാഗമായി കീനേരി കുഞ്ഞമ്പു, തിടിൽ കണ്ണൻ എന്നീ രണ്ട് സഖാക്കൾ രക്തസാക്ഷികളായി. ഈ നാട്ടിലെ മനുഷ്യന് പട്ടിണിയില്ലാതെ ജീവിക്കുന്നതിന് അന്ന് നടത്തിയ പോരാട്ടത്തിന് കമ്മ്യൂണിസ്റ്റ് പ്രസ്ഥാനമാണ് തുടക്കം കുറിച്ചത്. അതോടൊപ്പം നിരവധി പ്രക്ഷോഭങ്ങൾ കേരളത്തിലുടനീളമുണ്ടായി. മഹാനായ എ.കെ.ജി.-യുടെ നേതൃത്വത്തിൽ നടന്ന പട്ടിണി ജാഥയുൾപ്പെടെയുള്ള പ്രക്ഷോഭത്തിന്റെ ഒടുവിലാണ് ഇവിടെ സൂചിപ്പിച്ചതുപോലെ സ്റ്റാറ്റ്യൂട്ടറി റേഷൻ സമ്പ്രദായം അനുവദിച്ച് നൽകിയത്. കേരളത്തിന് നാണ്യവിളകൾ ഉൽപാദിപ്പിക്കാൻ, ഒന്നാം പഞ്ചവത്സര പദ്ധതിയിൽ കർഷക മേഖലയ്ക്ക് പ്രാധാന്യം നൽകിയതുവഴിയാണ് കേരളത്തിൽ നാണ്യവിളകൾ കൂടുതലുണ്ടായത്. നാണ്യവിളകൾക്ക് പ്രാമുഖ്യം ലഭിച്ചപ്പോൾ ഭക്ഷ്യധാന്യ ഉൽപാദനത്തിൽ കുറവുണ്ടായി. അത് പരിഹരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടാണ് യുഗപ്രഭാവാനായ ജവഹർലാൽ നെഹ്റുവിന്റെ മുന്നിൽ മഹാനായ എ.കെ.ജി.-യുടെ നേതൃത്വത്തിൽ പ്രക്ഷോഭം നടത്തിയത്. പൊതുവിതരണ ശൃംഖലയെ ദുർബലപ്പെടുത്തുന്നതിനുവേണ്ടിയുള്ള സമീപനം വിവിധ ഘട്ടങ്ങളിലുണ്ടായി.

വലതുപക്ഷ രാഷ്ട്രീയ നയങ്ങളുടെ ഇരകളായി മലയാളികൾ മാറുന്ന സാഹചര്യമുണ്ടായി. ഭക്ഷ്യ സുരക്ഷാ നിയമം തന്നെ അതിന്റെ മറ്റൊരു ഭാഗമാണെന്ന് നമുക്ക് കാണാം. വ്യക്തികൾക്കപ്പുറം നയങ്ങൾ... ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ, കോവിലകം കൊട്ടാരത്തിലേയ്ക്ക് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നേതൃത്വത്തിൽ പ്രക്ഷോഭം നടന്നപ്പോൾ ദേശീയ പ്രക്ഷോഭത്തിന്റെ ഭാഗമായിരുന്ന കോൺഗ്രസ്സ് അന്ന് ജന്മിത്വത്തിന്റെ ഒപ്പമായിരുന്നു. ഈ നാട്ടിലെ പട്ടിണിക്കാരായ മനുഷ്യർക്ക് എതിരായിരുന്നു. ഞാൻ പറഞ്ഞ് അവസാനിപ്പിക്കാൻ ആഗ്രഹിക്കുന്നൊരു കാര്യം, ഇന്ത്യൻ പാർലമെന്റിലേയ്ക്കുള്ള തിരഞ്ഞെടുപ്പ് കഴിഞ്ഞ ഇന്നത്തെ രാഷ്ട്രീയസാഹചര്യത്തിൽ, കോൺഗ്രസ്സിനെ പിന്തുണയ്ക്കുന്ന 18 പാർലമെന്റ് അംഗങ്ങൾ പ്രതിപക്ഷത്തിനുണ്ട്. നമ്മുടെ നാട് ഏറ്റവും ഭീകരമായ ഒരു ദുരിതത്തിലേക്ക്, ലോകമഹായുദ്ധാനന്തര കാലത്തെ പട്ടിണിക്ക് സദൃശ്യമായൊരു കാലത്തേയ്ക്ക് എത്തിക്കാനുള്ള വൈരനിര്യാതന ബുദ്ധിയോടുകൂടിയുള്ള ശ്രമം നടക്കുന്നു. കേരളത്തിലെ ബഹുമാന്യനായ ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ കാറും കോളും നിറഞ്ഞ ഈ കാലഘട്ടത്തെയും ധീരതയോടെ, ദീർഘവീക്ഷണത്തോടെ അതിജീവിക്കാനുള്ള

ശ്രമങ്ങൾ നടന്നുവരികയാണ്. അതിന് പിന്തുണ നൽകാനുള്ള രാഷ്ട്രീയ ഉത്തരവാദിത്വം, ഈ നാടിനോടുള്ള ഉത്തരവാദിത്വം നിർവ്വഹിക്കാൻ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്താൻ കേരളം ഒറ്റക്കെട്ടായി അണിനിരക്കണമെന്നുകൂടി കൂട്ടിച്ചേർത്തുകൊണ്ട് ഈ പ്രമേയത്തെ ഒരിക്കൽക്കൂടി പിന്തുണച്ച് എന്റെ വാക്കുകൾ നിർത്തുന്നു.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, പൊതുവിതരണ രംഗത്ത് കേന്ദ്ര ഗവൺമെന്റ് നൽകുന്ന അരിയുടെ വിഹിതം വെട്ടിച്ചുരുക്കിയതിനെതിരെ ശക്തമായ ഭാഷയിലാണ് നമുക്ക് പ്രതികരിക്കേണ്ടത്. പക്ഷേ പ്രമേയാവതാരക ശ്രീമതി കാനത്തിൽ ജമീല 10 മിനിട്ട് സംസാരിച്ചതിൽ ഭൂരിപക്ഷവും ബി.ജെ.പി. ഗവൺമെന്റിനെ എതിർക്കുന്നതിനുപകരം മുമ്പുണ്ടായിരുന്ന യു.പി.എ. ഗവൺമെന്റിനെയും രാജ്യം സ്വാതന്ത്ര്യം നേടിയതിനുശേഷം ഇങ്ങോട്ടുണ്ടായ കാലഘട്ടത്തിൽ ജവഹർലാൽ നെഹ്റു ചെയ്ത വലിയ കാര്യങ്ങളെയുമൊക്കെ വീണ്ടും വിമർശിച്ചുകൊണ്ട് സംസാരിക്കുകയാണുണ്ടായത്. 1947-ൽ രാജ്യത്തിന് സ്വാതന്ത്ര്യം ലഭ്യമായതിനുശേഷം, പട്ടിണി പാവങ്ങളുണ്ടായിരുന്ന, ദാരിദ്ര്യമുണ്ടായിരുന്ന

ഈ നാടിനെ സമ്പന്നമാക്കാൻവേണ്ടിയും ദാരിദ്ര്യം നിർമ്മാർജ്ജനം ചെയ്യാൻ വേണ്ടിയും ഒട്ടേറെ നല്ലകാര്യങ്ങളാണ് കോൺഗ്രസ് ഗവൺമെന്റുകൾ ഇവിടെ ചെയ്തിട്ടുള്ളത്. പഞ്ചവത്സര പദ്ധതികൾ അതിന്റെ വലിയ ഉദാഹരണങ്ങളാണ്. ഭക്ഷ്യസുരക്ഷാ നിയമത്തെക്കുറിച്ച് നമുക്കെല്ലാവർക്കും അറിയാം. ബി.ജെ.പി.-യുടെ കൂടെക്കൂടി ഒന്നാം യു.പി.എ. ഗവൺമെന്റിനെ, കോൺഗ്രസ്സിനെ പരാജയപ്പെടുത്താൻ നിങ്ങൾ ശ്രമിച്ചതിനുശേഷം രണ്ടാമത് വന്ന യു.പി.എ. ഗവൺമെന്റിന്റെ കാലഘട്ടത്തിലാണ് ഭക്ഷ്യ സുരക്ഷാ നിയമം കൊണ്ടുവന്നത്. അതിനുശേഷമാണ് രാജ്യത്ത് പട്ടിണി പാവങ്ങൾക്ക് ഭക്ഷണം സുലഭമായി ലഭിക്കുന്ന സാഹചര്യമുണ്ടായത്. ഇന്നത്തെ റേഷൻ കടകളുടെ അവസ്ഥയെന്താണ്; റേഷൻ കടകൾ പഴയ കാലഘട്ടത്തിലേയ്ക്ക് പോകണമെന്നാണ് എല്ലാപേരും ആഗ്രഹിക്കുന്നത്. എല്ലാ റേഷൻ കടകളിലും വലിയ ക്യൂവാണ് കാണാൻ സാധിക്കുന്നത്. ഇ-പോസ് മെഷീൻ പല സമയത്തും പ്രവർത്തിക്കുന്നില്ല. ഇത് കേടാകുകയാണ്. ആധാർ വെരിഫിക്കേഷൻ നടത്തേണ്ടത് കേന്ദ്ര ഗവൺമെന്റാണെങ്കിലും സോഫ്റ്റ്‌വെയർ മെയിന്റനൻസും സോഫ്റ്റ്‌വെയർ മാനേജ്മെന്റും നടത്തേണ്ടത് സംസ്ഥാന

ഗവൺമെന്റാണ്. അതിന്റെ കരാറും തീർന്നു. ഇതിലെല്ലാം വലിയ അഴിമതിയുണ്ടോയെന്ന് സംശയമുണ്ട്. ഇങ്ങനെ ഇ-പോസ് മെഷീൻ പ്രവർത്തിക്കാത്തതുമൂലം റേഷൻ കടകളിൽനിന്നും കൃത്യമായി സാധനങ്ങൾ ലഭിക്കുന്നില്ല. റേഷൻ കടകളിൽ മണ്ണെണ്ണയുമില്ല. നിങ്ങൾക്കെല്ലാവർക്കുമറിയാം, ഇപ്പോൾ കടലിൽ പോകുന്ന മത്സ്യത്തൊഴിലാളികൾക്കുപോലും മണ്ണെണ്ണ ലഭിക്കാത്ത അവസ്ഥയാണുള്ളത്. കേരളം സമ്പൂർണ്ണമായി വൈദ്യുതീകരിച്ചതുകൊണ്ട് ആദിവാസി മേഖലകളിൽപോലും മണ്ണെണ്ണ കിട്ടാത്ത സാഹചര്യമാണുള്ളത്. കെ-സ്റ്റോർ കൊണ്ടുവരാൻ പോകുന്നുവെന്നാണ് സംസ്ഥാന ഗവൺമെന്റ് പറയുന്നത്. കെ-സ്റ്റോർ അല്ല, മികച്ച രീതിയിലുള്ള സംവിധാനങ്ങൾ റേഷൻകടകളിൽ കൊണ്ടുവരികയും റേഷൻ നിലയ്ക്കാത്ത രീതിയിൽ കൂടുതലായി കൊടുക്കുന്നതിനുള്ള സാഹചര്യമുണ്ടാക്കുകയും ചെയ്യണം. കേന്ദ്ര ഗവൺമെന്റിൽനിന്നും വിഹിതം കൂടുതലായി ലഭിക്കാനുള്ള സാഹചര്യം നമുക്കൊരുമിച്ച് ഉണ്ടാക്കാമെന്നുകൂടി സൂചിപ്പിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, കേന്ദ്ര ഗവൺമെന്റ് കേരളത്തോട് കാണിക്കുന്ന ഈ അവഗണനയ്ക്കെതിരായും അരി, മണ്ണെണ്ണ തുടങ്ങിയവയുടെ വിഹിതം വെട്ടിക്കുറച്ച നടപടിയും പുതിയ ടെൻഡർ സ്വഭാവം ക്രമീകരിച്ചതിന്റെ വിഷയങ്ങളും എതിർത്തുകൊണ്ട് ശ്രീമതി കാനത്തിൽ ജമീല അവതരിപ്പിച്ച പ്രമേയത്തിന്റെ താൽപ്പര്യത്തെ ഞാൻ അംഗീകരിക്കുന്നു. എന്നാൽ ഇതിൽ ചിലകാര്യങ്ങൾ പരാമർശിക്കേണ്ടതും കാണേണ്ടതുമായിട്ടുണ്ട്. നമ്മുടെ റേഷൻ കടകളിലൂടെ വിതരണം ചെയ്യാൻ വേണ്ടിയാണ് കേരളത്തിലെ കർഷകർ ഉൽപാദിപ്പിക്കുന്ന നെല്ല് നമ്മൾ സംഭരിച്ചുവരുന്നത്. 1994-ൽ കെ. കരുണാകരൻ മുഖ്യമന്ത്രിയായിരുന്ന സന്ദർഭത്തിലാണ് കർഷകരിൽനിന്നും നെല്ല് സംഭരിക്കാൻ തുടങ്ങിയത്. അത് ഇന്നും തുടർന്നുവരികയും കാലാനുസൃതമായി അതിന്റെ വില വർദ്ധിപ്പിച്ച് കൊണ്ടുവരികയുമാണ് പതിവ്. എന്നാൽ ഇപ്പോൾ കർഷകരെ അവഗണിക്കുകയും നെല്ല് സംസ്കരിക്കുന്ന മില്ലുടമകൾക്ക് നൽകുന്ന താൽപര്യംപോലും കർഷകരോട് കാണിക്കാത്ത ഒരു സാഹചര്യമുണ്ടായിരിക്കുന്നുവെന്നത് ഖേദകരമാണ്. കർഷകർക്ക്

പ്രോത്സാഹനജനകമായി, അവർക്ക് ഉത്തേജനം നൽകി കൃഷിയിൽ തുടർന്ന് നിൽക്കാനും കൂടുതൽ താൽപ്പര്യം കാണിക്കാനും പര്യാപ്തമായ രീതിയിൽ സഹായകരമായ നിലപാടുകളാണ് നമ്മുടെ ഭാഗത്തുനിന്നുമുണ്ടാകേണ്ടത്. എന്നാൽ ഇപ്പോൾ ഇടത്തട്ടുകാർ മുഖേനയാണ് നെല്ലിന്റെ സംഭരണംപോലും കേരളത്തിൽ നടക്കുന്നത്. ഇടത്തട്ടുകാർ മുഖേന തമിഴ്നാട്ടിൽനിന്നും നെല്ല് വരുന്നുവെന്നത് നമുക്കെല്ലാം പരക്കെ അറിയാവുന്ന കാര്യമാണ്. പാലക്കാട് ജില്ലയിൽ കൃഷി ചെയ്ത് ഉൽപാദിപ്പിച്ച നെല്ലിനെക്കാൾ കൂടുതൽ സംഭരിച്ച വസ്തുത കഴിഞ്ഞ സീസണിലുണ്ടായി. ഇടത്തട്ടുകാരെ മാറ്റി കർഷകരിൽനിന്നും നേരിട്ട് സംഭരിക്കാനുള്ള സാഹചര്യമുണ്ടാക്കണം. കേന്ദ്ര ഗവൺമെന്റ് തുടർച്ചയായി ഈ വർഷം 117 പൈസയും കഴിഞ്ഞവർഷം 1 രൂപ 43 പൈസയും അതിന് തൊട്ടുമുമ്പുള്ള വർഷം ഒരു രൂപയും നെല്ലിനുവേണ്ടി വർദ്ധിപ്പിച്ചുവെങ്കിലും കേരളത്തിൽ ആ വർദ്ധനവ് കർഷകർക്ക് കൊടുക്കാൻ കഴിഞ്ഞില്ല. കേരളത്തിൽ നെൽകൃഷി കൂടുതൽ വ്യാപിപ്പിക്കാനും തദ്ദേശീയമായ ഉൽപന്നങ്ങൾ സിവിൽ സപ്ലൈസ് മുഖേന വിതരണം ചെയ്യാനും പര്യാപ്തമായ രീതിയിലേയ്ക്ക് നമുക്ക് വളർത്തിയെടുക്കേണ്ടതുണ്ട്. അതിന്

പ്രോത്സാഹനജനകമായ നയം കേരളത്തിലെ സർക്കാരും അനുവർത്തിക്കേണ്ടതുണ്ടെന്നുകൂടി സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ): സർ, ബഹുമാന്യയായ ശ്രീമതി കാനത്തിൽ ജമീല ഇവിടെ അവതരിപ്പിച്ച അനൗദ്യോഗിക പ്രമേയത്തിന്റെ ഉള്ളടക്കത്തോട് ഞാൻ പൂർണ്ണമായും യോജിക്കുന്നു. ഇതുപോലൊരു വിഷയത്തിൽപോലും രാഷ്ട്രീയം കാണുന്ന മഞ്ഞക്കണ്ണ് അപ്പുറത്തിരിക്കുന്ന യു.ഡി.എഫ്. ഒഴിവാക്കേണ്ടതായിരുന്നുവെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. കേന്ദ്ര ഗവൺമെന്റ് എത്ര ക്രൂരമായ നിലപാടാണ് കേരളത്തോട് കാണിക്കുന്നത്. ഞാൻ ധനാഭ്യർത്ഥന ചർച്ചയിലും ചോദ്യോത്തര വേളയിലും പലഘട്ടങ്ങളിലും ആ വിഷയം സൂചിപ്പിച്ചതാണ്. അതിനാൽ അത്തരം കാര്യങ്ങളെക്കുറിച്ച് പറയുന്നില്ല. കേരളത്തിലെ ഗവൺമെന്റിന്റെ പോരായ്മകളും കുറവുകളുമെല്ലാം ചർച്ച ചെയ്യുന്നതിന് സ്വാഗതാത്മകായ നിലപാടാണ് ഞങ്ങൾക്കുള്ളത്. അതിൽ തർക്കമില്ല. നമുക്ക് ലഭ്യമാകേണ്ട അരി നൽകാത്ത നിലപാട്, ലഭ്യമായ അരി ക്രമീകരിച്ചു കൊടുക്കാൻപോലും കഴിയാത്ത തരത്തിലുള്ള നിബന്ധനകൾ

എന്നീ കാര്യങ്ങളിൽ ഭരണപക്ഷവും പ്രതിപക്ഷവും തമ്മിൽ എന്തിനാണ് വിയോജിക്കുന്നത്; അതിൽ വളരെ യോജിച്ച നിലപാടല്ലേ സ്വീകരിക്കേണ്ടത്? ഇവിടെ എൻ.എഫ്.എസ്.എ. നടപ്പാക്കിയതിനെക്കുറിച്ചും അതിന്റെ നേട്ടത്തെക്കുറിച്ചും പറഞ്ഞു. പതിനാറേകാൽ ലക്ഷം മെട്രിക് ടൺ ധാന്യം പതിനാലേകാൽ ലക്ഷം മെട്രിക് ടണ്ണാക്കി, 2 ലക്ഷം മെട്രിക് ടൺ കുറവുവരുത്തിയത് എൻ.എഫ്.എസ്.എ. നടപ്പാക്കിയ യു.പി.എ. ഗവൺമെന്റാണ്. അത് സത്യമാണ്. ആ സത്യം സത്യമായിട്ടാണ് ഇവിടെ അംഗങ്ങൾ സൂചിപ്പിച്ചത്. ഇവിടെ നേരത്തേ സൂചിപ്പിച്ചതുപോലെ, കേരളത്തിൽ ഭക്ഷ്യഭദ്രതയുമായി ബന്ധപ്പെട്ട് എല്ലാ കാർഡുകാർക്കും പരിമിതമായിട്ടാണെങ്കിലും അരിയാഹാരം കൊടുക്കാനുള്ള ശ്രമമാണ് ഗവൺമെന്റ് തുടർന്നുവന്നത്. എന്നാൽ എൻ.എഫ്.എസ്.എ. നടപ്പാക്കിയതോടുകൂടി 57 ശതമാനം മലയാളി ഭക്ഷ്യധാന്യ സംരക്ഷണത്തിന് പുറത്തായി. പരിമിതമായ 2 കിലോഗ്രാം മാത്രമാണ് അവർക്കിപ്പോൾ കൊടുക്കാൻ കഴിയുന്നത്. ഒരുമാസം അരി വാങ്ങിയില്ലെങ്കിൽ, വാങ്ങാത്ത ആളുകളുടെ ആ അരി അടുത്തമാസം അതേ കാർഡുകാർക്ക്

ക്രമീകരിച്ചുകൊടുക്കാനും അനുവാദമില്ല. അത്തരം വിഷയങ്ങളെ ഗൗരവമായി കാണുന്നില്ല. റേഷൻ കടയിൽപോയാൽ അരി കിട്ടുന്നില്ലെന്നാണ് ഒരംഗം ഇവിടെ പറഞ്ഞത്. ഈ മാസം ഇന്നുവരെ 59.1 ശതമാനം പേർ അരി വാങ്ങിയിരിക്കുകയാണ്. 6521524 പേരാണ് ഈ മാസത്തിൽ ഒരു മിനിട്ടിനുമുമ്പുവരെ വാങ്ങിയത്. 203407 കുടുംബങ്ങളാണ് ഇന്ന് ഉച്ചയ്ക്ക് 12.00 മണി വരെ റേഷൻ കടയിൽനിന്നും അരി വാങ്ങിയിരിക്കുന്നത്. പ്രതികൂല കാലാവസ്ഥ നിലനിൽക്കുന്ന ഈ സാഹചര്യത്തിൽ, ഈ മാസത്തെ അരി അടുത്ത മാസം അഞ്ച് ദിവസം കൂടി വാങ്ങാൻ അനുവാദം കൊടുക്കുന്നതിനുള്ള അറിയിപ്പ് ഞാൻ രാവിലെതന്നെ നൽകിയിട്ടുണ്ട്. അതാണ് കേരളത്തിലെ ഗവൺമെന്റിന്റെ സമീപനം. ഒരാളിനോ ഒരു കുടുംബത്തിനോ അരി കിട്ടാതാക്കാനുള്ള ഒരു നിലപാടും ഈ ഗവൺമെന്റ് സ്വീകരിക്കുന്നില്ലായെന്ന വസ്തുത നിങ്ങൾ അറിയാൻവേണ്ടി സൂചിപ്പിച്ചതാണ്.

ഇടത്തട്ടുകാരിൽനിന്നാണ് നെല്ല് സംഭരിക്കുന്നതെന്ന് ഇവിടെ പറഞ്ഞു. എവിടെയാണ് നമ്മൾ ജീവിക്കുന്നത്? മേയ് മാസത്തിനുശേഷമുള്ള നെല്ലിന്റെ തുകയിൽ കുറച്ച് കൊടുക്കാനുണ്ടെന്നത് യാഥാർത്ഥ്യമാണ്. അത് ഞാൻ ഈ

സഭയിലും പറഞ്ഞിട്ടുണ്ട്. ഇത്തവണയും സംഭരിച്ച നെല്ലിന്റെ കാര്യം ഞാൻ പറഞ്ഞില്ലേ; ഇടത്തട്ടുകാരിൽനിന്നും നെല്ല് സംഭരിക്കുന്നതുമായി ബന്ധപ്പെട്ട ഏതെങ്കിലുമൊരു വിവരം ബഹുമാനപ്പെട്ട അംഗം ശ്രദ്ധയിൽകൊണ്ടുവന്നാൽ ആവശ്യമായ നടപടി സ്വീകരിക്കും. കേരളത്തിലെ കർഷകർ ഉൽപാദിപ്പിക്കുന്ന നെല്ല് പൂർണ്ണമായും സംഭരിക്കുകയും ഉയർന്ന വില കൊടുക്കുകയും ചെയ്യുന്നു. ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങൾ ചെയ്യാത്ത കാര്യമാണിത്. സംഭരണ വിഷയങ്ങളെ സംബന്ധിച്ച് ആക്ഷേപം ഉയരുന്ന സാഹചര്യം ഇത്തവണയുണ്ടായിട്ടില്ല. എന്നാൽ നെല്ലിന്റെ വില നൽകുന്നതിൽ... അതെല്ലാം നമുക്കെല്ലാവർക്കും അറിയുന്ന വിഷയങ്ങളായതിനാൽ അത്തരം കാര്യങ്ങളിലേയ്ക്ക് കടക്കുന്നില്ല.

സംസ്ഥാനത്തിന് അർഹതപ്പെട്ട ഭക്ഷ്യധാന്യ വിഹിതം അനുവദിക്കുക, സംസ്ഥാനത്തിനാവശ്യമായ മണ്ണെണ്ണ വിഹിതം അനുവദിക്കുക, ഓപ്പൺ മാർക്കറ്റ് സെയിൽസ് സ്കീം പ്രകാരം എഫ്.സി.ഐ.-യിൽനിന്നും ടെൻഡറിൽ പങ്കെടുത്തുകൊണ്ട് ഭക്ഷ്യധാന്യങ്ങൾ വാങ്ങുന്നതിന് സംസ്ഥാന ഏജൻസികൾക്ക് ഏർപ്പെടുത്തിയിട്ടുള്ള വിലക്ക് പിൻവലിക്കുക എന്നീ

ആവശ്യങ്ങളുന്നയിച്ച് ബഹുമാനപ്പെട്ട അംഗം ഇവിടെ അവതരിപ്പിച്ച അനൗദ്യോഗിക പ്രമേയത്തിലെ ഉള്ളടക്കത്തോട് ഞാൻ പൂർണ്ണമായും യോജിക്കുകയാണ്. സംസ്ഥാനത്തെ മുൻഗണേതര വിഭാഗത്തിന് ലഭിച്ചുകൊണ്ടിരുന്ന 6459.07 മെട്രിക് ടൺ ഗോതമ്പ് വിഹിതം നിർത്തലാക്കിയതും ജനസംഖ്യാനുപാതികമായി മുൻഗണനാ കാർഡുകളുടെ എണ്ണം വർദ്ധിപ്പിക്കാത്തതും സംസ്ഥാനത്തെ പൊതുവിതരണ രംഗത്ത് പ്രതിസന്ധി സൃഷ്ടിക്കാനുള്ള കേന്ദ്ര സർക്കാരിന്റെ നീക്കമായി കാണാവുന്നതാണ്. ഭക്ഷ്യധാന്യങ്ങളുടെ വാർഷിക വിഹിതത്തിനുള്ളിൽനിന്നുകൊണ്ട് ചില പ്രത്യേക മാസങ്ങളിൽ, ഉത്സവസീസണുകളിലും പ്രകൃതിക്ഷോഭമുണ്ടാകുന്ന ഘട്ടത്തിലും കൂടുതൽ ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യാൻ അനുമതി നൽകണമെന്ന സംസ്ഥാനത്തിന്റെ ആവശ്യവും കേന്ദ്രസർക്കാർ നിരാകരിച്ചിരിക്കുകയാണ്. ബഹുമാനപ്പെട്ട അംഗം ഇവിടെ ഉന്നയിച്ച വിഷങ്ങളെല്ലാം തന്നെ കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽ പലതവണ കൊണ്ടുവന്നിട്ടുള്ളതാണ്. ഭക്ഷ്യധാന്യ വിഹിതം വർദ്ധിപ്പിക്കുക, മുൻഗണനാ കാർഡുകളുടെ പരിധി

ഉയർത്തുക, ഒ.എം.എസ്. സ്കീമിൽ ഏർപ്പെടുത്തിയിട്ടുള്ള വിലക്ക് പിൻവലിക്കുക എന്നീ ആവശ്യങ്ങൾ ഉന്നിച്ചുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി 17-02-2024-ന് പ്രധാനമന്ത്രിക്കും 12-3-2024-ന് കേന്ദ്ര ഭക്ഷ്യ പൊതുവിതരണ വകുപ്പുമന്ത്രിക്കും കത്തുകൾ നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ ഭക്ഷ്യ പൊതുവിതരണ വകുപ്പുമന്ത്രിയെന്ന നിലയിൽ മേൽവിഷയങ്ങൾ ഉന്നയിച്ചുകൊണ്ട് ബഹുമാനപ്പെട്ട കേന്ദ്ര ഭക്ഷ്യ പൊതുവിതരണ വകുപ്പുമന്ത്രിയെയും പെട്രോളിയം വകുപ്പുമന്ത്രിയെയും നേരിൽകണ്ട് പലതവണ നിവേദനങ്ങൾ നൽകിയിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും വകുപ്പുമന്ത്രിയും ഇക്കാര്യങ്ങളിന്മേൽ നടത്തിയിട്ടുള്ള ഇടപെടലുകൾ ഫലം കാണുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഈ സാഹചര്യത്തിൽ ബഹുമാനപ്പെട്ട അംഗം അവതരിപ്പിച്ച അനൗദ്യോഗിക പ്രമേയത്തെ സർക്കാർ അനുകൂലിക്കുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീമതി കാനത്തിൽ ജമീല, അങ്ങയുടെ പ്രമേയം പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീമതി കാനത്തിൽ ജമീല: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്രമേയം സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

തൃശ്ശൂർ ജില്ലയിലെ കൊരട്ടിയിൽ എയിംസ് സ്ഥാപിക്കുക

ശ്രീ. സനീഷ്കുമാർ ജോസഫ്: സർ, " മികച്ച ചികിത്സ നൽകുന്ന ആശുപത്രികളേറെയുണ്ടെങ്കിലും ഗവേഷണ സ്ഥാപനമില്ലാത്തത് സംസ്ഥാനത്തെ ആരോഗ്യമേഖലയുടെ പരിമിതിയാണ്. ഹൃദ്രോഗ ഗവേഷണം നടത്തുന്ന തിരുവനന്തപുരത്തെ ശ്രീചിത്രാ ഇൻസ്റ്റിറ്റ്യൂട്ട് മാത്രമാണ് അങ്ങനെയുള്ള ഏക സ്ഥാപനം. പ്രമേഹരോഗികളിൽ രാജ്യത്ത് മുന്നിൽ, സ്ത്രീകളിലെ തൈറോയ്ഡ് കാൻസറിൽ രണ്ടാമത് എന്നിങ്ങനെയാണ് കേരളത്തിന്റെ സ്ഥിതി. നിപ്പ, സിക്ക അടക്കം ലോകത്ത് മറ്റിടങ്ങളിലുള്ള രോഗങ്ങളെല്ലാം ഇവിടെയും റിപ്പോർട്ട് ചെയ്യാറുണ്ട്. ഈ സാഹചര്യത്തിൽ എയിംസ് വന്നാൽ ഗുണമേന്മയുള്ള വിദഗ്ദ്ധ ചികിത്സയും, വൈറോളജിയിലും രോഗങ്ങളിലും ഗവേഷണവും, വിദഗ്ദ്ധ ഡോക്ടർമാരും ലോകോത്തര ചികിത്സാ സൗകര്യങ്ങളും ആരോഗ്യപ്രവർത്തകർക്കുള്ള പരിശീലനവും കേരളത്തിന്

ലഭിക്കും. ആരോഗ്യ മേഖലയിലെ കുതിപ്പിന് കേരളത്തിന് എയിംസ് അത്യന്താപേക്ഷിതമാണ്.

റോഡും കുടിവെള്ളവുമുള്ള 200 ഏക്കർ ഭൂമി നൽകിയാൽ എയിംസ് അനുവദിക്കാമെന്ന് 2014-ൽ കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചതാണ്. കേരളത്തിന് എയിംസ് അനുവദിക്കുക എന്നത് ഏറെ നാളായുള്ള ആവശ്യമാണ്. ഉചിതമായ സ്ഥലം ശിപാർശ ചെയ്യാത്തതാണ് എയിംസ് അനുവദിക്കുന്നതിന് തടസ്സമായി കേന്ദ്ര സർക്കാർ ചൂണ്ടിക്കാട്ടുന്നത്.

എയിംസ് സ്ഥാപിക്കാൻ സംസ്ഥാനത്ത് ഏറ്റവും അനുയോജ്യമായ പ്രദേശം തൃശ്ശൂർ ജില്ലയിലെ കൊരട്ടിയാണ്. കേരളത്തിന്റെ മധ്യഭാഗത്തായി ദേശീയപാതയോട് ചേർന്ന് സ്ഥിതി ചെയ്യുന്ന പ്രദേശമാണ് കൊരട്ടി. പൂട്ടിപ്പോയ കേന്ദ്ര ഗവൺമെന്റ് പ്രസ്, വൈഗൈ ത്രെഡ്സ്, തിരുമുടിക്കുന്ന് ത്വക്ക് രോഗാശുപത്രിയുടെ 100 ഏക്കർ ഉൾപ്പെടെ ഏതാണ്ട് 258 ഏക്കർ ഭൂമി കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ഉടമസ്ഥതയിലുണ്ട്. സ്വകാര്യ വ്യക്തികളിൽനിന്നും ഭൂമി ഏറ്റെടുക്കാതെ സർക്കാർ ഭൂമിയിൽതന്നെ എയിംസ് നിർമ്മിക്കാൻ കഴിയും. കൊരട്ടി റെയിൽവേ സ്റ്റേഷനിൽനിന്ന് അര കിലോമീറ്റർ ദൂരം, നെടുമ്പാശ്ശേരി

അന്താരാഷ്ട്ര വിമാനത്താവളത്തിൽനിന്നും 15 കിലോമീറ്റർ ദൂരം, ചാലക്കുടി പുഴ അടക്കമുള്ള നിരവധി അനുകൂല ഘടകങ്ങളുമുണ്ട്.

ഈ പശ്ചാത്തലത്തിൽ തൃശ്ശൂർ ജില്ലയിലെ കൊരട്ടിയിൽ എയിംസ് സ്ഥാപിക്കാൻ സത്വര നടപടിയുണ്ടാകണമെന്ന് ഈ സഭ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്നു." എന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. സനീഷ്കുമാർ ജോസഫ്: സർ, ഉന്നത വിദ്യാഭ്യാസ മേഖലയിൽ സ്വയംഭരണാധികാരമുള്ള സർക്കാർ പബ്ലിക് മെഡിക്കൽ കോളേജുകളുടെ ഒരു കൂട്ടമാണ് ആൾ ഇന്ത്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ്. പാർലമെന്റ് ഒരു നിയമം വഴി ഈ സ്ഥാപനങ്ങളെ ദേശീയ പ്രാധാന്യമുള്ള സ്ഥാപനങ്ങളായി പ്രഖ്യാപിച്ചു. 1956-ലെ ആൾ ഇന്ത്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് ആക്റ്റ് അനുസരിച്ചാണ് ഇവ പ്രവർത്തിക്കുന്നത്. ഇന്ത്യയിലെ ആദ്യം എയിംസ് 1956-ൽ പ്രധാനമന്ത്രി ജവഹർലാൽ നെഹ്റുവാണ് സ്ഥാപിച്ചത്. 2003-ൽ കേന്ദ്ര സർക്കാർ പ്രധാനമന്ത്രി സ്വാസ്ഥ്യ സുരക്ഷാ യോജന പദ്ധതി പ്രകാരം

ഇന്ത്യയിലെ ആരോഗ്യ സേവനങ്ങളുടെ ലഭ്യതയിലെ പ്രാദേശിക അസന്തുലിതാവസ്ഥ പരിഹരിക്കുകയെന്നതാണ് എയിംസിന്റെ ലക്ഷ്യമെന്ന് നിർവചിച്ചു. 2006 മാർച്ചിൽ പാട്ന, ഭോപ്പാൽ, റായ്പൂർ, ഭുവനേശ്വർ, ഋഷികേശ് എന്നിവിടങ്ങളിൽ എയിംസ് അനുവദിച്ചു. 2022-ൽ ഫെബ്രുവരിയിൽ കേന്ദ്ര ആരോഗ്യ മന്ത്രാലയം 24 എയിംസുകൾ 2025-ഓടുകൂടി പ്രവർത്തനക്ഷമമാകുമെന്ന് അറിയിച്ചു. അരുണാചൽ പ്രദേശ്, ഗോവ, കർണ്ണാടകം, കേരളം, മിസോറാം, ത്രിപുര എന്നിവിടങ്ങളിൽ എയിംസ് ആരംഭിക്കാൻ തയ്യാറാണെന്ന് കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ട്. മികച്ച ചികിത്സ നൽകുന്ന ആരോഗ്യ സ്ഥാപനങ്ങൾ ഏറെയുണ്ടെങ്കിലും ഗവേഷണ സ്ഥാപനങ്ങളില്ലാത്തത് കേരളത്തിന്റെ പോരായ്മയാണ്. ഹൃദ്രോഗ ഗവേഷണം നടത്തുന്ന ഏക സ്ഥാപനം തിരുവനന്തപുരത്തെ ശ്രീചിത്ര തിരുന്നാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് ആൻഡ് ടെക്നോളജിയാണ്. രാജ്യത്ത് ഏറ്റവും കൂടുതൽ പ്രമേഹരോഗികളുള്ളതും സ്ത്രീകളിൽ തൈറോയിഡ്, കാൻസർ എന്നിങ്ങനെയാണ് കേരളത്തിന്റെ സ്ഥിതി. നിപ, സിക്ക അടക്കം ലോകത്ത് മറ്റിടങ്ങളിലുള്ള രോഗങ്ങളെല്ലാം ഇവിടെയും റിപ്പോർട്ട് ചെയ്യുന്നുണ്ട്.

AIIMS വന്നാൽ ഗുണമേന്മയുള്ള വിദഗ്ദ്ധ ചികിത്സയും വൈറോളജി രോഗങ്ങളിലുള്ള ഗവേഷണവും വിദഗ്ദ്ധ ഡോക്ടർമാരും ലോകോത്തര ചികിത്സാ സൗകര്യങ്ങളും ആരോഗ്യ പ്രവർത്തകർക്കുള്ള പരിശീലനവും കേരളത്തിന് ലഭിക്കും. ആരോഗ്യ മേഖലയിലെ കുതിപ്പിന് കേരളത്തിന് AIIMS അത്യന്താപേക്ഷിതമാണ്.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, AIIMS കേരളത്തിന് വേണമെന്നത് നമ്മുടെ എല്ലാവരുടെയും ആഗ്രഹവും ആവശ്യവുമാണ്. AIIMS കേന്ദ്ര സർക്കാർ കേരളത്തിന് അനുവദിക്കുകയാണെങ്കിൽ ആരോഗ്യ മേഖലയിൽ ഏറ്റവും പിന്നാക്കം നിൽക്കുന്ന ഒരു പ്രദേശത്ത് അത് സ്ഥാപിക്കണമെന്നതല്ലേ നമ്മുടെ ആവശ്യവും ആഗ്രഹവും എന്ന അഭിപ്രായത്തോട് താങ്കളുടെ പ്രതികരണമെന്താണ്?

ശ്രീ. സനീഷ്കുമാർ ജോസഫ്: സർ, കേരളത്തിലെ എല്ലാ ജനവിഭാഗങ്ങൾക്കും കാസർഗോഡുനിന്നും തിരുവനന്തപുരത്തുനിന്നും എല്ലാ ആളുകൾക്കും എത്തിച്ചേരാൻ കഴിയുന്ന ഏറ്റവും മികച്ച സ്ഥലം എന്ന നിലയിലാണ് കൊരട്ടിയെന്ന പ്രദേശത്തെ സൂചിപ്പിച്ചത്. റോഡ് ഗതാഗതവും

റെയിൽവേ സ്റ്റേഷനും എയർപോർട്ടും ദേശീയ പാതയോട്ടുമൊക്കെ ചേർന്നുകിടക്കുന്ന ഒരു പ്രദേശമാണിത്. 2014-ൽ കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചത് റോഡും കുടിവെള്ളവുമുള്ള 200 ഏക്കർ ഭൂമി നൽകിയാൽ AIIMS അനുവദിക്കാമെന്നാണ്. കേരളത്തിന് AIIMS അനുവദിക്കണമെന്നത് ഏറെ നാളുകളായുള്ള ആവശ്യമാണ്. ഉചിതമായ സ്ഥലം ശിപാർശ ചെയ്യാത്തതുമൂലമാണ് AIIMS അനുവദിക്കുന്നതിന് കേന്ദ്ര സർക്കാർ തടസ്സമായി പറയുന്നത്. കാസർഗോഡുനിന്നും തിരുവനന്തപുരത്തുനിന്നും ഒരേ സമയം കൊണ്ട് എത്തിച്ചേരാൻ സാധിക്കുമെന്നതാണ് കൊരട്ടിയുടെ പ്രത്യേകത.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, ഏറ്റവും കൂടുതൽ അതിഥി തൊഴിലാളികളുള്ള ഒരു പ്രദേശമാണ് എറണാകുളം ജില്ല. അങ്ങനെയാണെങ്കിൽ അതിഥി തൊഴിലാളികൾക്കും കൂടി സർക്കാർ മേഖലയിൽ ചികിത്സ ലഭ്യമാക്കുന്നത് ഏറ്റവും ഗുണകരമാണ്. AIIMS അനുവദിക്കുമ്പോൾ സ്വാഭാവികമായും അതിനെയെതിർക്കുന്ന ഒരു പ്രൈവറ്റ്

ലോബി കേരളത്തിലെ ആരോഗ്യ മേഖലയിലുണ്ടോ; അതിനെക്കുറിച്ച് എന്തെങ്കിലും കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. സനീഷ്കുമാർ ജോസഫ്: സർ, തീർച്ചയായും അങ്ങനെ സംശയിക്കേണ്ടിയിരിക്കുന്നു. കാരണം, 2014-ൽ കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിട്ടും കേരളത്തിൽ ഉചിതമായ ഒരു സ്ഥലം നിശ്ചയിച്ച് നൽകാത്തതുകൊണ്ടാണ് ഇതുവരെ AIIMS നടപ്പിലാകാത്തത്. കേരളത്തിന്റെ മദ്ധ്യത്തിലായി ദേശീയ പാതയോടുചേർന്നാണ് ഈ പ്രദേശം സ്ഥിതി ചെയ്യുന്നത്. സാധാരണഗതിയിൽ ഭൂമി ഏറ്റെടുക്കലാണ് ഏറ്റവും പ്രധാന തടസ്സമായി നിൽക്കുന്നത്. ഇത് കേന്ദ്ര സർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും കൈവശമുള്ള ഭൂമിയാണ്. ദേശീയ പാതയോടും ചാലക്കുടി പുഴയോടും ചേർന്നതും റെയിൽവേ സ്റ്റേഷനും എയർപോർട്ടുമായും ചേർന്നുകിടക്കുന്നതുമായ പ്രദേശമാണിത്. ഈ സ്ഥലം നിർദ്ദേശിക്കുകയാണെങ്കിൽ സർക്കാരിന് ഭൂമിയേറ്റെടുക്കേണ്ട ഭാരിച്ച ഉത്തരവാദിത്വവും അതിനുള്ള പണനഷ്ടവുമുണ്ടാകുന്നില്ല. സ്വകാര്യ വ്യക്തികളിൽ നിന്ന് സ്ഥലം ഏറ്റെടുക്കാതെ സർക്കാർ ഭൂമിയിൽത്തന്നെ

AIIMS നിർമ്മിക്കാൻ സാധിക്കും. കൊരട്ടി റെയിൽവേ സ്റ്റേഷനിൽനിന്ന് അരകിലോമീറ്റർ ദൂരവും നെടുമ്പാശ്ശേരി അന്താരാഷ്ട്ര വിമാനത്താവളത്തിൽനിന്ന് 15 കിലോമീറ്റർ ദൂരവും ചാലക്കുടി പുഴയടക്കം നിരവധി അനുകൂല ഘടകങ്ങൾ ഈ പ്രദേശത്തിനുണ്ട്. ഈ പശ്ചാത്തലത്തിൽ തൃശ്ശൂർ ജില്ലയിലെ കൊരട്ടിയിൽ AIIMS അനുവദിക്കുന്നതിന് ഈ സഭ.....

<u>ശ്രീ. ടി. സിദ്ദിഖ്</u>: സർ, ആരോഗ്യ മേഖലയിൽ AIIMS വേണമെന്നുള്ളത് ദീർഘകാലമായ കേരളത്തിന്റെ അതിപ്രധാന ആവശ്യമാണ്. വയനാട് ജില്ലയിൽ മെഡിക്കൽ കോളേജ് അടുത്തിടെയാണ് അനുവദിച്ചത്. അതിന്റെ ശൈശവാവസ്ഥയിലൂടെയാണ് ഇപ്പോഴും കടന്നുപോകുന്നത്. വയനാട് ചുരം കടന്നുവേണം കോഴിക്കോട് മെഡിക്കൽ കോളേജിലേയ്ക്ക് പോകേണ്ടത്. തൊട്ടടുത്ത രണ്ട് അയൽ സംസ്ഥാനങ്ങൾ കർണ്ണാടകവും തമിഴ്നാടുമാണ്. AIIMS അല്ലെങ്കിൽ ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ടുപോലെയുള്ള ഏതെങ്കിലും ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഒരു സംവിധാനം വയനാട് ജില്ലയിൽ ഉണ്ടാകണമെന്നുള്ളതാണ്. ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി കൂടി ഇവിടെയുള്ളതുകൊണ്ട് വയനാടിന്റെ ബുദ്ധിമുട്ട് രേഖപ്പെടുത്തുകയാണ്.

ശ്രീ. സനീഷ്കുമാർ ജോസഫ്: സർ, AIIMS അനുവദിക്കുമ്പോൾ കേരളത്തിലെ മുഴുവൻ ജനങ്ങൾക്കും ഉപകാരപ്രദമാകുന്ന രീതിയിൽ ഏറ്റവും വേഗത്തിൽ എത്തിച്ചേരാൻകഴിയുന്ന തരത്തിലുള്ള സ്ഥലമാണ് അത്യാവശ്യമായിട്ടുള്ളത്. കാസർഗോഡ്, വയനാട്, മലപ്പുറം, കോഴിക്കോട്, തിരുവനന്തപുരം എന്നിങ്ങനെ എല്ലാ ജില്ലകളിൽനിന്നുമുള്ളവർക്കും ഏറ്റവും വേഗത്തിൽ എത്തിച്ചേരാൻ സാധിക്കുന്ന പ്രദേശമെന്നുള്ള രീതിയിലാണ് ഈ സ്ഥലം കണ്ടെത്തിയിരിക്കുന്നത്.

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ശ്രീ. സനീഷ്കുമാർ ജോസഫ് വഴങ്ങുന്നതുകൊണ്ട് അദ്ദേഹത്തിനുതന്നെ വിനയായിക്കൊണ്ടിരിക്കുകയാണ്. അദ്ദേഹത്തിന്റെ ആവശ്യം മറ്റ് ബഹുമാനപ്പെട്ട അംഗങ്ങൾ അപഹരിച്ചുകൊണ്ടിരിക്കുകയാണ്. സമയം മാത്രമല്ല ആവശ്യവും അപഹരിക്കുകയാണ്.

ശ്രീ. സനീഷ്കുമാർ ജോസഫ്: സർ, കേരളത്തിലെ മുഴുവൻ ജനങ്ങൾക്കുവേണ്ടിയുള്ള ആവശ്യമാണിത്. സർക്കാരിന് ഭൂമി ഏറ്റെടുക്കുന്ന

കാര്യത്തിലാണ് ഏറ്റവും കൂടുതൽ പണം ചെലവ് വരുന്നത്. അതുകൊണ്ട് അടിയന്തരമായി ഈ വിഷയത്തിൽ തൃശ്ശൂർ ജില്ലയിലെ സർക്കാരിന്റെ കൈവശത്തിലുള്ള എല്ലാ സൗകര്യങ്ങളോടുകൂടി ദേശീപാതയോട് ചേർന്നുകിടക്കുന്ന സ്ഥലമാണിത്. ഈ പശ്ചാത്തലത്തിൽ തൃശ്ശൂർ ജില്ലയിലെ കൊരട്ടിയിൽ AIIMS അനുവദിക്കുന്നതിന് ഈ സഭ ഒന്നടങ്കം കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: സർ, ഞാൻ ഈ പ്രമേയത്തെ അനുകൂലിക്കുകയാണ്. തൃശ്ശൂർ ജില്ലയിലെ കൊരട്ടിയിൽ എയിംസ് വരുന്നതിന് എനിക്ക് വിരോധമില്ല. ഞാൻ ഈ സ്ഥാപനം കൊണ്ടോട്ടിക്കോ ഇരിട്ടിയിലേയ്ക്കോ വേണമെന്നൊന്നും പറയുന്നില്ല. കോഴിക്കോട് കിനാലൂരിൽ നല്ല പ്രൊപ്പോസൽ നേരത്തെ ഒരു സമിതി കണ്ടെത്തിയിരുന്നു. അവിടേയ്ക്കൊന്നും വേണമെന്ന് ഞാൻ പറയുന്നില്ല. ഇന്ത്യയിൽ നിലവിൽ 12 എയിംസുകളാണുള്ളത്. ദക്ഷിണേന്ത്യയിൽ AIIMS വളരെ കുറവാണ്. പ്രത്യേകിച്ച് കേരളത്തിൽ ഒന്നെങ്കിലും വന്നാൽ നല്ലതാണ്. തൃശ്ശൂർ കേരളത്തിന്റെ മദ്ധ്യഭാഗമാണ്. ശ്രീ. സനീഷ്കുമാർ ജോസഫ്

സൂചിപ്പിച്ചതുപോലെ കൊരട്ടിയിൽ 200 ഏക്കർ ഭൂമിയുണ്ടെന്ന് പറഞ്ഞു. അങ്ങനെ വരുകയാണെങ്കിൽ അത് കേരളത്തിന് അനുഗ്രഹമാകും. AIIMS 1956-ൽ ഡൽഹിയിൽ സ്ഥാപിക്കുമ്പോൾപ്പോലും പശ്ചിമ ബംഗാളിലെ കൽക്കട്ടയിൽ സ്ഥാപിക്കണമെന്നാണ് ജവഹർലാൽ നെഹ്റു നിർദ്ദേശിച്ചത്. ജവഹർലാൽ നെഹ്റു ഇത് വിഭാവന ചെയ്യുമ്പോൾപ്പോലും ഇന്ത്യയുടെ തലസ്ഥാനത്തേയ്ക്ക് കൊണ്ടുപോകണമെന്ന് ഉണ്ടായിരുന്നില്ല. അന്നത്തെ പശ്ചിമ ബംഗാൾ മുഖ്യമന്ത്രി ബിദാൻ ചന്ദ്ര റോയി അതിനോട് താൽപ്പര്യം പ്രകടിപ്പിക്കാത്തതുകൊണ്ടും സപ്പോർട്ട് ചെയ്യാത്തതുകൊണ്ടുമാണ് അത് ഡൽഹിയിൽ ആരംഭിക്കാൻ തീരുമാനിച്ചത്. പ്രാദേശികമായി ഇതിന്റെ പേരിൽ തല്ലുകൂടുന്നതിൽ വലിയ കാര്യമില്ലെന്നാണ് എന്റെ വിശ്വാസം. കേരളത്തിൽ എവിടെയാണെങ്കിലും AIIMS വരണമെന്നതാണ്. പ്രത്യേകിച്ച് മദ്ധ്യ കേരളമാണ് എല്ലാവർക്കും ഒരുപോലെ ഉപകരിക്കുന്ന ഒരു സ്ഥലം. AIIMS-ന്റെ പ്രാധാന്യമെന്ന് പറയുന്നത് ബിരുദ ബിരുദാനന്തര കോഴ്സുകൾക്ക് അപ്പുറത്ത് ഗവേഷണ സ്ഥാപനം എന്ന നിലയിൽക്കൂടിയാണ്. ആർ.സി.സി.-യും ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ടും ഒഴികെ കേരളത്തിലെ മെഡിക്കൽ രംഗത്ത് ഗവേഷണ

സ്ഥാപനങ്ങളില്ല. പുതിയ രോഗങ്ങൾ വന്നുകൊണ്ടിരിക്കുകയാണ്, അതിനുവേണ്ടിയുള്ള മരുന്ന് കണ്ടെത്തണം എന്നിങ്ങനെയുള്ള ധാരാളം കാര്യങ്ങളും ബിരുദാനന്തര വിദ്യാർത്ഥികൾക്ക് ഗവേഷണം അത്യാവശ്യമായ സ്ഥിതിക്കും അതിനുള്ള സാഹചര്യം കേരളത്തിൽ ഇപ്പോഴില്ലാത്തതുകൊണ്ടും ഈ സ്ഥാപനം കേരളത്തിൽ എവിടെയെങ്കിലും വരുന്നതിനെ ഞാൻ അനുകൂലിക്കുകയാണ്. 1952-ൽ തറക്കല്ലിട്ട് 1956-ലാണ് ഡൽഹിയിൽ സ്ഥാപിതമായിട്ടുള്ളത്. ഡൽഹിയിലുള്ളതുതന്നെ നമുക്കൊരു അനുഗ്രഹമാണ്. ഇന്നിപ്പോൾ നാഗ്പൂരിലൊക്കെയുണ്ട്. മധുരയിലുണ്ടോ എന്ന് എനിക്ക് അറിയില്ല. AIIMS കേരളത്തിൽ എവിടെങ്കിലും വേണമെന്നുള്ളത് ഒരു പൊതുവായ ആവശ്യമായി വരികയും ശ്രീ. സനീഷ്കുമാർ ജോസഫ് അവതരിപ്പിച്ച ഈ പ്രമേയം അനുസരിച്ച് തൃശ്ശൂരിലെ കൊരട്ടിയിൽ 200 ഏക്കർ ഭൂമിയുണ്ടെന്ന് പറയുന്നു, അത് ഏറ്റവും അനുയോജ്യമായ സ്ഥലമാണെന്നാണ് എനിക്ക് തോന്നുന്നത്. ഇനി കോഴിക്കോട് കിനാലൂരിലാണെങ്കിലും പ്രശ്നമില്ല. എവിടെയായാലും AIIMS ആരംഭിക്കണം എന്നുള്ളതാണ്. നമ്മളെല്ലാവരും അതിന് അതിപ്രാദേശികത്വത്തിന്റെ സങ്കുചിതമായ വൃത്തത്തിലേയ്ക്ക്

കൊണ്ടുപോയി ഈ താൽപ്പര്യത്തെ ഇല്ലാതാക്കരുതെന്നാണ് പറയാനുള്ളത്. ഇത് കേരളത്തിന്റെയും സഭയുടെയും പൊതുവികാരമായി മാറണം. ആ നിലയ്ക്ക് ശ്രീ. സനീഷ്കുമാർ ജോസഫിന്റെ ഈ പ്രമേയത്തെ എല്ലാവരും ഒറ്റക്കെട്ടായി അനുകൂലിക്കണം. മറ്റുള്ള പ്രശ്നങ്ങൾ പലയിടത്തും പ്രാദേശികമായ പ്രത്യേകിച്ച് ആരോഗ്യ മേഖലയിൽ വലിയ അസന്തുലിതാവസ്ഥയുണ്ട്. മലബാറിലും വയനാട്ടിലും കാസർഗോഡുമൊക്കെ ആരോഗ്യ മേഖലയിലെ അവഗണനയുണ്ട്. അതിലേറെ ഭീകരമാവിധം ഞാൻ വരുന്ന മലപ്പുറം ജില്ലയിൽ ആരോഗ്യ സ്ഥാപനങ്ങളുടെയും മറ്റ് അസൗകര്യങ്ങൾ വളരെ വലുതാണ്. മഞ്ചേരി മെഡിക്കൽ കോളേജിനോടൊക്കെ വലിയരീതിയുള്ള അവഗണന ഈ സർക്കാർ വന്നതിനുശേഷമുണ്ട്. ഒരിക്കൽ ആരോഗ്യ വകുപ്പുമന്ത്രി പറഞ്ഞത് ബോർഡ് മാറ്റിവച്ചുവെന്നുള്ളതാണ്. ബോർഡ് മാറ്റിവച്ചിട്ട് എട്ട് പത്ത് കൊല്ലമായി. ഈ ആരോഗ്യ വകുപ്പുമന്ത്രിയും അതിനുമുമ്പ് ശ്രീമതി കെ. കെ. ശൈലജ ടീച്ചറുമൊക്കെ വന്നിട്ടും അവിടെ മാറ്റമൊന്നും വന്നിട്ടില്ല. ആ അവഗണനയും പിന്നാക്കാവസ്ഥയും പരിഹരിക്കാൻ വേറെ മാർഗ്ഗം കണ്ടെത്തുകയും ഇതിന് ശ്രീ. സനീഷ്കുമാർ ജോസഫ് അവതരിപ്പിച്ച

പ്രമേയത്തെ ഒറ്റക്കെട്ടായി പിന്താങ്ങുകയും ചെയ്യണമെന്ന ഒരു താൽപ്പര്യമാണ് ഈ സഭയ്ക്കുണ്ടാകേണ്ടത്. ഇത്രയും അഭിപ്രായങ്ങൾ പ്രകടിപ്പിച്ചുകൊണ്ട് AIIMS കൊരട്ടിയിൽ വരണമെന്നുപറയുന്ന പ്രമേയത്തെ തത്വത്തിൽ ഞാൻ പിന്താങ്ങുകകാണ്.

ശ്രീ. കെ. എം. സച്ചിൻദേവ്: സർ, നമ്മളെല്ലാവരും കേരളത്തിന് എയിംസ് അനുവദിക്കുകയെന്ന പൊതുവികാരത്തോടൊപ്പമാണുള്ളത്. ഒരു കാലത്ത് എയിംസിനെ വളരെ പ്രധാനപ്പെട്ട ആവശ്യമായി കേന്ദ്രസർക്കാരിന് മുന്നിൽ അവതരിപ്പിച്ചവരാണ് നമ്മൾ. നേരത്തെ ഇവിടെ ബഹുമാന്യനായ അംഗം പ്രമേയം അവതരിപ്പിച്ചുകൊണ്ട് സംസാരിക്കുകയുണ്ടായി. അതിനുശേഷം സംസാരിച്ച അംഗവും കാര്യങ്ങൾ വിശദീകരിച്ചു. യു.പി.എ. സർക്കാർ ഉൾപ്പെടെ അധികാരത്തിൽ വന്നൊരു കാലമുണ്ടായിരുന്നു. ആ കാലത്തും കേരളത്തിന് എയിംസ് അനുവദിക്കുന്നതിനാവശ്യമായ അനുകൂല നിലപാട് അവരുടെ സർക്കാരും സ്വീകരിച്ചില്ലെന്നതും വളരെ ഗൗരവമേറിയ പ്രശ്നമാണ്. 2018-ൽ കേരളത്തിന് എയിംസ് അനുവദിക്കുകയെന്ന പ്രശ്നം അന്നത്തെ ആരോഗ്യ വകുപ്പുമന്ത്രി ശ്രീമതി കെ. കെ. ശൈലജ ടീച്ചർ, കേന്ദ്ര

ആരോഗ്യ വകുപ്പുമന്ത്രിയുമായി സംസാരിച്ചതിന്റെ അടിസ്ഥാനത്തിൽ ഉചിതമായൊരു സ്ഥലം കേരളത്തിൽ കണ്ടെത്താൻ സംസ്ഥാന സർക്കാരിനോട് കേന്ദ്രസർക്കാർ ആവശ്യപ്പെടുകയും ചെയ്തു. ബഹുമാന്യനായ അംഗം ഉൾപ്പെടെ സൂചിപ്പിച്ചതുപോലെ ഒരുപാട് അംഗങ്ങൾ പല സ്ഥലങ്ങൾ നിർദ്ദേശിച്ചിട്ടുണ്ട്. ഏത് സ്ഥലം അനുവദിക്കണമെന്നും അതിന്റെ സാധ്യതകൾ സംബന്ധിച്ചും സംസ്ഥാന സർക്കാർ വിശകലനം ചെയ്തു. കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി നിയോജകമണ്ഡലത്തിലെ കിനാലൂർ ഉൾപ്പെടുന്ന 150 ഏക്കറോളം വരുന്ന ഭൂമി വ്യവസായ വകുപ്പിന്റെ അധീനതയിലുണ്ടെന്നും അതോടൊപ്പം വീണ്ടും ആവശ്യംവേണ്ട ഭൂമി  അവിടെ കണ്ടെത്താനാകുമെന്നും മനസ്സിലാക്കി. തുടർന്ന് അനുബന്ധ സൗകര്യങ്ങളുടെ സാധ്യതകൂടി വിശകലനം ചെയ്തതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാരിന്റെ പൊതുഅഭിപ്രായമെന്ന നിലയിൽ കിനാലൂർ വ്യവസായ എസ്റ്റേറ്റ് ഉൾപ്പെടുന്ന പ്രദേശം എയിംസിനായി മാറ്റി വയ്ക്കാൻ ഗവൺമെന്റ് തീരുമാനിക്കുന്ന സാഹചര്യമുണ്ടായി. ബഹുമാന്യനായ മുഖ്യമന്ത്രി കേന്ദ്രമന്ത്രാലയവുമായി നടത്തിയ കത്തിടപാടിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യം കേന്ദ്രസർക്കാരിനെ

അറിയിച്ചു. തുടർന്ന് ഗവൺമെന്റ് നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുകയും സ്ഥലം ഏറ്റെടുക്കുകയും സർവ്വേ പൂർത്തീകരിച്ച് ആ സ്ഥലത്തിന്റെ മൂല്യം നിശ്ചയിക്കാൻ ആവശ്യമായ നടപടികളിലേയ്ക്ക് കടക്കുകയും ചെയ്തു. ഇക്കാര്യങ്ങൾക്കുശേഷം ഭൂമിയുടെ വാല്യു നിശ്ചയിക്കുകയെന്ന ഘട്ടത്തിലെത്തി നിൽക്കുന്ന സന്ദർഭത്തിലാണ് ബഹുമാനപ്പെട്ട ചാലക്കുടി അംഗം ഇത് പ്രമേയമായി നിയമസഭയുടെ മുന്നിൽ കൊണ്ടുവരുന്നത്. എയിംസ് അനുവദിക്കുകയെന്ന പൊതു വികാരത്തോടൊപ്പമാണ് നമ്മളെല്ലാവരും നിൽക്കുന്നത്. സംസ്ഥാന ഗവൺമെന്റ് മേൽ സൂചിപ്പിച്ച എല്ലാ നടപടിക്രമങ്ങളും പൂർത്തീകരിച്ച് സ്ഥലം ഏറ്റെടുക്കൽ അതിന്റെ പൂർത്തീകരണ ഘട്ടത്തിലെത്തി നിൽക്കുന്ന ഈ സന്ദർഭത്തിൽ കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി നിയോജകമണ്ഡലത്തിലെ കിനാലൂർ ഉൾപ്പെടുന്ന പ്രദേശം എയിംസിനുവേണ്ടി അനുവദിക്കുകയെന്ന ആവശ്യമാണ് ഞാൻ ഇപ്പോൾ ഉന്നയിക്കുന്നത്. നമ്മുടെ പാർലമെന്റ് അംഗങ്ങൾ എയിംസുമായി ബന്ധപ്പെട്ട വിഷയം പാർലമെന്റിൽ വളരെ കാലം മുമ്പുതന്നെ ഉന്നയിക്കേണ്ടതായിരുന്നു. ഇനിയുള്ള അവസരത്തിൽ ഇത്തരം കാര്യങ്ങൾ വേണ്ടത്ര ഗൗരവത്തിൽ ശ്രദ്ധിക്കുകയും വളരെ സജീവമായി

പാർലമെന്റിൽ അവതരിപ്പിക്കുകയും കേന്ദ്രസർക്കാരിന്റെ ശ്രദ്ധ പ്രത്യേകമായി കൊണ്ടുവരികയും ചെയ്തുകൊണ്ട് കേരളത്തിന് എയിംസ് സാധ്യമാക്കാനുള്ള പ്രവർത്തനങ്ങളിലേയ്ക്ക് പോകണമെന്ന അഭ്യർത്ഥനയും ഇതിന്റെ ഭാഗമായിട്ടുണ്ട്.

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: സർ, ദീർഘകാലമായി ഭരണത്തിലുണ്ടായിട്ടും കേരളത്തിന് എയിംസ് അനുവദിച്ചില്ലെന്ന കാര്യം അങ്ങയുടെ ശ്രദ്ധയിലുണ്ടോ?

ശ്രീ. കെ. എം. സച്ചിൻദേവ്: സർ, തീർച്ചയായും ഞാൻ ഈ വിഷയം നേരത്തെ സൂചിപ്പിച്ചിരുന്നു. യു.പി.എ. ഗവൺമെന്റ് അധികാരത്തിലിരിക്കുന്ന കാലത്തും ബി.ജെ.പി. സർക്കാർ അധികാരത്തിൽ വന്ന കാലത്തും കേരളത്തിന് എയിംസ് അനുവദിക്കാൻ സന്നദ്ധമായില്ല. പ്രാഥമിക ആരോഗ്യ സംവിധാനങ്ങൾ മുതൽ മെഡിക്കൽ കോളേജ് വരെയുള്ള ജനകീയ ആരോഗ്യ സംവിധാനങ്ങൾ കൊണ്ട് സമ്പന്നമായ ആരോഗ്യ മേഖലയിലെ നമ്പർ വൺ ആയ സ്ഥലമാണ് കേരളം. എന്നിട്ടുപോലും നമ്മുടെ രാജ്യത്തെ ആരോഗ്യ-വിദ്യാഭ്യാസ-പഠന-ഗവേഷണ കേന്ദ്രം എന്ന നിലയിൽ നൂതനമായ ചികിത്സാ

സൗകര്യങ്ങളെല്ലാം പ്രദാനം ചെയ്യുന്ന വളരെ പ്രധാനപ്പെട്ട ഒരു സ്ഥാപനം എന്ന നിലയിൽ നമ്മുടെ സംസ്ഥാനത്തെ പരിഗണിക്കാൻ കേന്ദ്രത്തിൽ അധികാരത്തിൽ വന്ന ഗവൺമെന്റുകളൊന്നും സന്നദ്ധമായില്ലെന്നതിന്റെ പ്രതിഷേധം നമുക്കെല്ലാവർക്കുമുണ്ട്. ഗവൺമെന്റ് പ്രാഥമികമായി നിശ്ചയിച്ചിട്ടുള്ള കിനാലൂരിൽ റെയിൽവേ സ്റ്റേഷൻ-റോഡ് ഉൾപ്പെടെയുള്ള യാത്രാ മാർഗ്ഗങ്ങൾ, ജലലഭ്യത, വൈദ്യുതി തുടങ്ങി പ്രാഥമികമായും അടിസ്ഥാനപരമായും ഒരു സ്ഥാപനം വരുന്നതിന് അനുയോജ്യമായ എല്ലാ ഭൗതിക സൗകര്യങ്ങളുമുള്ള പ്രദേശം ആയതുകൊണ്ടുതന്നെ എയിംസ് അനുവദിക്കുമ്പോൾ ബാലുശ്ശേരി നിയോജകമണ്ഡലത്തിലെ കിനാലൂരിലാകുന്നതാണ് ഏറ്റവും ഉചിതമെന്ന അഭിപ്രായം അദ്ദേഹത്തിന്റെ പ്രമേയത്തിന്റെ ഭേദഗതിയായി ഞാൻ മുന്നോട്ടുവയ്ക്കുന്നു.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, ബഹുമാന്യനായ പ്രമേയാവതാരകൻ ചാലക്കുടി അംഗം സനീഷ്കുമാർ ജോസഫ്, എയിംസ് തൃശ്ശൂരിൽ വരണമെന്നും ബഹുമാന്യനായ എൻ. എ. നെല്ലിക്കുന്ന്, എയിംസ് കാസർഗോഡ് വേണമെന്ന ആഗ്രഹവും കൽപ്പറ്റ

അംഗം ശ്രീ. ടി. സിദ്ദിഖ്, വയനാട്ടിൽ എയിംസ് സ്ഥാപിക്കണമെന്നും ആവശ്യപ്പെടുകയുണ്ടായി. കേരളത്തെ സംബന്ധിച്ച് എയിംസ് വേണമെന്നുള്ളത് നമ്മുടെ പൊതുവികാരം തന്നെയാണ്. ദീർഘ നാളുകളായിട്ടുള്ള കേരളത്തിന്റെ ആവശ്യമാണത്. കേരളത്തിന്റെ എയിംസ് ആവശ്യവുമായി ബന്ധപ്പെട്ട് ഒരു പതിറ്റാണ്ടിനപ്പുറം നീളുന്ന ചരിത്രമുണ്ട്. പ്രത്യേകിച്ച് ഈ സർക്കാർ കാലഘട്ടത്തിൽ ബഹുമാന്യനായ മുഖ്യമന്ത്രി പ്രധാനമന്ത്രിയെ നേരിൽ കണ്ട് കേരളത്തിന്റെ എയിംസ് ആവശ്യം ഉന്നയിച്ചിട്ടുണ്ട്. അനുഭാവപൂർണ്ണമായ ഒരു സമീപനം കേരളത്തോട് സ്വീകരിക്കാമെന്നാണ് അന്നത്തെ കൂടിക്കാഴ്ചയിൽ പ്രധാനമന്ത്രി പറഞ്ഞത്. അതിനുശേഷം, മുൻ ആരോഗ്യ വകുപ്പുമന്ത്രി ഡോ. മൻസുഖ് മാണ്ഡവ്യ തിരുവനന്തപുരത്ത് എത്തിയപ്പോൾ ബഹു. മുഖ്യമന്ത്രിയും ഞാനും അദ്ദേഹവുമായി യോഗം ചേർന്നിരുന്നു. അതിൽ കേരളത്തിന്റെ ഒന്നാമത്തെ പ്രയോരിറ്റിയായി ഉന്നയിച്ചത് കേരളത്തിൽ എയിംസ് സ്ഥാപിക്കണം എന്നതായിരുന്നു. പ്രസ്തുത മീറ്റിംഗിലും അതിനുശേഷമുള്ള കത്തിടപാടിലും ഒരു സ്ഥലം വേണമെന്നതായിരുന്നു കേന്ദ്രസർക്കാർ ആവശ്യപ്പെട്ടത്. ഇവിടെ

ബഹുമാനപ്പെട്ട പ്രമേയാവതാരകൻ പറഞ്ഞത് തീർത്തും തെറ്റായ കാര്യമാണ്. ഉചിതമായ സ്ഥലം കണ്ടെത്താത്തതുകൊണ്ടാണ് അല്ലെങ്കിൽ അത് നൽകാത്തതുകൊണ്ടാണ് എയിംസ് അനുവദിക്കാത്തത് എന്ന് പറഞ്ഞത് തെറ്റായ കാര്യമാണെന്ന് സഭയെ ബോധ്യപ്പെടുത്താൻ ഞാൻ ഈ അവസരം ഉപയോഗിക്കുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി വ്യവസായം, റവന്യൂ, ആരോഗ്യം തുടങ്ങിയ വകുപ്പുമന്ത്രിമാരുടെ സംയുക്ത യോഗം വിളിച്ചുചേർത്തിരുന്നു. കിനാലൂരിൽ വ്യവസായ വകുപ്പിന്റെ കീഴിലുള്ള 150 ഏക്കർ സ്ഥലമുണ്ട്. അതുകൂടാതെ 40 ഏക്കർ സ്ഥലം കൂടെ അക്വയർ ചെയ്ത് 200 ഏക്കർ സ്ഥലം എയിംസിനുവേണ്ടി മാത്രം മാറ്റിവയ്ക്കേണ്ടിവരും. സ്ഥലം മാത്രമല്ല അവരുടെ ആവശ്യം. അവിടേയ്ക്ക് റോഡ്, വൈദ്യുതി, ജലം, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവയുടെ ലഭ്യത അനിവാര്യമാണ്. പ്രസ്തുത മീറ്റിംഗിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് വ്യവസായ വകുപ്പിന്റെ കീഴിലുള്ള 150 ഏക്കർ സ്ഥലം ആരോഗ്യവകുപ്പിന് കൈമാറുന്നതിനുള്ള നടപടി ആരംഭിക്കുകയും അത് കൈമാറുകയും ചെയ്തിട്ടുണ്ട്. അതിന്റെ അക്വിസിഷൻ നടപടികൾ സംബന്ധിച്ച വിശദാംശങ്ങൾ ഞാൻ സൂചിപ്പിച്ചതാണ്. കേന്ദ്ര ആരോഗ്യമന്ത്രിയെ നേരിട്ട്

കണ്ടപ്പോൾ അദ്ദേഹം പറഞ്ഞത് കേരളത്തിന് തീർച്ചയായും എയിംസ് വേണ്ടതാണെന്നും അടുത്തൊരു എയിംസ് അനുവദിക്കുകയാണെങ്കിൽ അത് കേരളത്തിനായിരിക്കും എന്നുമാണ്. പക്ഷെ അതിൽ പൊളിറ്റിക്കൽ ഡിസിഷൻ പെൻഡിംഗിലാണെന്നത് നാം കാണേണ്ടതാണ്. അതുകൊണ്ടാണ് കേരളത്തിന് ഈ കാലഘട്ടത്തിലത്രയും ഇത് നിരാകരിക്കപ്പെട്ടത്. ഇത് കേരളത്തിന്റെയും സഭയുടേയും ഒരു പൊതുവികാരമായി മാറണം. അതുകൊണ്ടുതന്നെയാണ് കേരളത്തിന് എയിംസ് വേണമെന്ന ആവശ്യം മുന്നോട്ടുവയ്ക്കുന്നത്. എയിംസ് സ്ഥാപിക്കുന്നതിന് കോഴിക്കോട് ജില്ലയിലെ കിനാലൂരിലുള്ള കേരളാ സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷന്റെ ഉടമസ്ഥതയിൽ ഉപയോഗിക്കാതെ കിടക്കുന്ന ഭൂമിയും സ്വകാര്യ വ്യക്തികളുടെ സ്ഥലവും ഉൾപ്പെടെ കോഴിക്കോട് ജില്ലാ കളക്ടർ കണ്ടെത്തിയ സ്ഥലം മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ പേരിൽ ഏറ്റെടുക്കുന്നതിനായി സർക്കാർ തീരുമാനിക്കും. പ്രസ്തുത സ്ഥലം ഏറ്റെടുത്ത് കൈമാറുന്നതിനായി റവന്യൂ വകുപ്പിനേയും ഇതിന്റെ തുക അനുവദിക്കുന്നതിനായി ധനകാര്യ വകുപ്പിനേയും ചുമതലപ്പെടുത്തി. അതിന്റെ അടിസ്ഥാനത്തിൽ കോഴിക്കോട് ജില്ലാ കളക്ടർ

ഭൂമിയിൽ ലാൻഡ് അക്വിസിഷൻ സ്പെഷ്യൽ തഹസിൽദാരെ ചുമതലപ്പെടുത്തുകയും ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. ഇതുകൂടാതെ ഗവൺമെന്റ് ഉത്തരവുപ്രകാരം കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള 151 ഏക്കർ ഭൂമിയുടെ കൈവശാവകാശം ആരോഗ്യ കുടുംബക്ഷേമ വകുപ്പിന് കൈമാറിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

ശ്രീ. സനീഷ്കുമാർ ജോസഫ്: സർ, ഏറ്റവും കൂടുതൽ ചെലവ് വരുന്നത് ഭൂമി ഏറ്റെടുക്കുന്നതിന് വേണ്ടിയാണ്. ദേശീയ പാത, കുടിവെള്ളം ഇതെല്ലാം ചേർന്നിട്ടുള്ള ഭൂമിയാണ് ആവശ്യമായിട്ടുള്ളത്.

ശ്രീമതി വീണാ ജോർജ്: സർ, വ്യവസായ വകുപ്പിന്റെ കീഴിലുള്ളത് സർക്കാരിന്റെ സ്ഥലമാണ്. വ്യവസായ വകുപ്പിന്റെ പേരിൽ നിന്ന് ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ പേരിലേയ്ക്ക് മാറ്റി എന്നുള്ളതേയുള്ളൂ. ഇതുകൂടാതെ ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് 40 ഏക്കർ സ്ഥലം മാത്രമെ അക്വിസിഷന് ആവശ്യമായിരുന്നുള്ളൂ. അതിൽ പ്രത്യേകമായി 92 ലക്ഷം രൂപ വകയിരുത്തുകയും പ്രാഥമിക ചെലവുകൾക്കായി 50 ലക്ഷം രൂപ

അനുവദിക്കുകയും ചെയ്തിരുന്നു. ഭൂമി ഏറ്റെടുക്കുന്ന ഭാഗത്ത് അതിരടയാള കല്ലുകൾ സ്ഥാപിക്കുന്നതിന് സർക്കാർ അംഗീകൃത ഏജൻസിയായ Uralungal Labour Contract Co-Operative Society (ULCCS)-നെ കോഴിക്കോട് മെഡിക്കൽ കോളേജ് പ്രിൻസിപ്പാൾ ചുമതലപ്പെടുത്തുകയും പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിക്കുകയും ചെയ്തു. കൂടാതെ ഈ സ്ഥലത്ത് സോഷ്യൽ ഇംപാക്ട് സ്റ്റഡി അസെസ്സ്മെന്റ് നടത്തിയിട്ടുണ്ട്. കൂടാതെ സാമൂഹ്യ പ്രത്യാഘാത പഠനവും പൂർത്തിയാക്കിയിട്ടുണ്ട്. കേരളത്തിന് എയിംസ് വേണമെന്നത് സംസ്ഥാനത്തിന്റെ ഏറ്റവും ന്യായമായ ആവശ്യമാണ്. കേന്ദ്രവുമായി ഔദ്യോഗികമായി ആശയ വിനിമയം നടത്തിയതിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിൽ നിന്ന് ഒരു കത്തും ലഭിച്ചിരുന്നു. ഇപ്പോൾ നിർദ്ദേശിച്ചിരിക്കുന്ന സ്ഥലത്ത് എയിംസ് സ്ഥാപിക്കുന്നതിന് ആരോഗ്യ മന്ത്രാലയത്തിന് മറ്റ് തടസ്സങ്ങളൊന്നുമില്ലെന്നും എന്നാൽ അനുമതിക്കായി ധനമന്ത്രാലയത്തിന് വിഷയം കൈമാറിയിരിക്കുന്നുയെന്നും അറിയിച്ചിട്ടുണ്ട്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അതായത് കഴിഞ്ഞ വർഷമാണ് മറുപടി ലഭിച്ചത്. അതുകൊണ്ട് എയിംസ്

വേണമെന്നത് കേരളത്തിന്റെ പൊതുവായ ആവശ്യമാണ്. അതിൽ തർക്കമില്ല. ഗവേഷണവുമായി ബന്ധപ്പെട്ടും ചില കാര്യങ്ങൾ ഇവിടെ സൂചിപ്പിക്കുകയുണ്ടായി.

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: സർ, സംസ്ഥാനം നിർദ്ദേശിക്കുന്ന ഏതുസ്ഥലത്തും AIIMS സ്ഥാപിച്ചുനൽകാമെന്ന് കേന്ദ്രഗവൺമെന്റിൽനിന്നും എന്തെങ്കിലും ഉറപ്പ് കിട്ടിയിട്ടുണ്ടോ?

<u>ശ്രീമതി വീണാ ജോർജ്</u>: സർ, വളരെ നല്ല അഭിപ്രായമാണ് അങ്ങ് നേരത്തെ പ്രകടിപ്പിച്ചത്. സംസ്ഥാനം നിർദ്ദേശിച്ച സ്ഥലത്ത് എയിംസ് സ്ഥാപിക്കുന്നതിന് ആരോഗ്യ മന്ത്രാലയത്തിന് തടസ്സങ്ങളൊന്നുമില്ലെന്നും അനുമതിക്കായി ധനമന്ത്രാലയത്തിന് അയച്ചിട്ടുണ്ടെന്ന വിവരം അറിയിച്ചിട്ടുണ്ട്. റീജിയണൽ കാൻസർ സെന്റർ (RCC), ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് ആൻഡ് ടെക്നോളജി എന്നിവിടങ്ങളിൽ മാത്രമെ റിസർച്ച് നടക്കുന്നുള്ളൂയെന്ന് ബഹുമാനപ്പെട്ട പ്രമേയാവതാരകൻ പറഞ്ഞു. അക്കാര്യം ശരിയാണ്. പക്ഷേ നമ്മുടെ മറ്റുസ്ഥാപനങ്ങളിലും റിസർച്ച് നടക്കുന്നത് കാണാതെ പോകരുത്. സെർവിക്കൽ ക്യാൻസർ രംഗത്ത്

വിപ്ലവകരമായ മാറ്റം സൃഷ്ടിക്കുന്ന സെർവിസ്കാൻ എന്നുപറയുന്ന ഉപകരണം ആർ.സി.സി. ഗവേഷണത്തിലൂടെ കണ്ടുപിടിച്ചു. മുമ്പ് മാന്വലായി നടത്തിയിരുന്നത് നിലവിൽ ഓട്ടോമേറ്റഡായി ഒരുകോശംപോലും നഷ്ടപ്പെടാതെ സ്ത്രീകളിലെ സെർവിക്കൽ ക്യാൻസർ കണ്ടെത്തുന്നതിനും ചികിത്സ കൃത്യസമയത്ത് ഉറപ്പാക്കുന്നതിനും വേണ്ടിയുള്ള മികച്ച ഉപകരണമാണിത്. അതുപോലെ ലങ് ക്യാൻസറിനെതിരെ വാക്സിൻ വികസിപ്പിക്കുന്നതിനുവേണ്ടിയുള്ള ശ്രമങ്ങൾ മലബാർ കാൻസർ സെന്ററിൽ ആരംഭിച്ചിട്ടുണ്ട്. 'നിപ' വൈറസിനെതിരായ monoclonal antibody വികസിപ്പിക്കുന്നതിനുവേണ്ടിയുള്ള ശ്രമങ്ങൾ Institute of Advanced Virology-ൽ നടക്കുകയാണ്. ആഗോളതലത്തിൽ പ്രശസ്തമായ ജേർണലാണ് ലാൻസെറ്റ്. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റീസിന്റെ ജേർണലുകൾ ലാൻസെറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, കാസർഗോഡ് ജില്ലയിലെ ആരോഗ്യമേഖലയിലെ പ്രശ്നങ്ങൾ നന്നായി അറിയാവുന്ന വ്യക്തിയാണ് ബഹുമാനപ്പെട്ട മന്ത്രി. AIIMS-നുവേണ്ടി കേരളത്തിൽ ഏറ്റവും കൂടുതൽ

സമരങ്ങളും പ്രക്ഷോഭങ്ങളും നടന്ന ജില്ലയാണ് കാസർഗോഡ്. അതുകൊണ്ട് കാസർഗോഡിൽ AIIMS വരണമെന്ന് അങ്ങ് ആഗ്രഹിക്കുന്നുണ്ടോ?

ശ്രീമതി വീണാ ജോർജ്: സർ, കാസർഗോഡിനും പ്രയോജനം ലഭിക്കണമെന്നുള്ളതുകൊണ്ടാണ് നമ്മൾ കോഴിക്കോട് സ്ഥലം ലഭ്യമാക്കിയത്. ബഹുമാനപ്പെട്ട കൊണ്ടോട്ടി എം.എൽ.എ. ഉന്നയിച്ച ചോദ്യത്തിന് ഞാൻ നേരത്തെ മറുപടി പറഞ്ഞിരുന്നു. അങ്ങയുടെ കൊണ്ടോട്ടി മണ്ഡലത്തിൽ KIIFB-യുടെ നേതൃത്വത്തിൽ മുപ്പത്തിമൂന്ന് കോടി രൂപയുടെ നിർമ്മാണപ്രവർത്തനങ്ങൾക്കുള്ള ടെണ്ടർ വിളിച്ചിട്ടുണ്ട്. സംസ്ഥാനം നിർദ്ദേശിച്ച സ്ഥലത്ത് എയിംസ് സ്ഥാപിക്കുന്നതിന് ആരോഗ്യ മന്ത്രാലയത്തിന് തടസ്സങ്ങളൊന്നുമില്ലെന്നും അനുമതിക്കായി ധനമന്ത്രാലയത്തിന് അയച്ചിട്ടുണ്ടെന്ന വിവരം അറിയിച്ചിട്ടുണ്ട്. ഈയൊരു സാഹചര്യത്തിൽ മറ്റൊരു സ്ഥലത്തിനായുള്ള പ്രമേയം ഉചിതമാകാത്തതിനാൽ ഈ പ്രമേയാവതരണത്തെ അനുകൂലിക്കുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. സനീഷ്കുമാർ ജോസഫ്, അങ്ങയുടെ പ്രമേയം പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. സനീഷ്കുമാർ ജോസഫ്: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്രമേയം സഭ നിരാകരിച്ചിരിക്കുന്നു.

## (4) കേന്ദ്ര വന്യജീവി നിയമം കാലോചിതമായി പരിഷ്കരിക്കുക

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, സംസ്ഥാനം ഇന്ന് അഭിമുഖീകരിക്കുന്ന ഏറ്റവും രൂക്ഷമായ ഒരുവിഷയമാണ് വന്യജീവി ആക്രമണവും മനുഷ്യ-വന്യജീവി സംഘർഷവും. കേരള സംസ്ഥാനത്തിന്റെ ആകെ ഭൂവിസ്തൃതിയുടെ ഏകദേശം മൂന്നിലൊന്നും വനമേഖലയാണ്. എന്നാൽ ഈ വനമേഖലയ്ക്കുള്ളിൽ ഉൾക്കൊള്ളാൻ കഴിയുന്നതിലും ഏറെ അധികരിച്ചിരിക്കുന്നു വന്യജീവികളുടെ എണ്ണപ്പെരുക്കം. 1972-ലെ വന്യജീവി സംരക്ഷണ നിയമത്തിന്റെ പൂർണ്ണമായ പരിരക്ഷ ഉള്ളതിനാൽ വന്യമൃഗങ്ങളുടെ ആക്രമണം തടയുന്നതിനും വന്യജീവി ആക്രമണത്തിൽനിന്ന് പ്രതിരോധം സൃഷ്ടിക്കുന്നതിനും ഇന്ന് ഒട്ടേറെ പരിമിതികൾ ഉണ്ട്. ഈ സാഹചര്യത്തിൽ 1972-ലെ കേന്ദ്ര വന്യജീവി നിയമം ഭേദഗതി ചെയ്ത് വന്യജീവികളുടെ എണ്ണം നിയന്ത്രിക്കുകയും വന്യജീവി ഉപദ്രവങ്ങൾക്ക് അറുതിവരുത്തുകയും ചെയ്യേണ്ടത് അത്യന്താപേക്ഷിതമാണ്. ഇതിനായി വന്യജീവി നിയമത്തിന്റെ സംരക്ഷണ

വ്യവസ്ഥകൾ വനത്തിനുള്ളിൽ മാത്രമാക്കി പരിമിതപ്പെടുത്തിക്കൊണ്ടും വനാതിർത്തിയിൽനിന്നും പുറത്തിറങ്ങി മനുഷ്യജീവനും സ്വത്തിനും അപകടം വരുത്തുന്ന വന്യമൃഗങ്ങളെ വെടിവച്ച് കൊല്ലാൻ ഏതൊരാൾക്കും അധികാരം ലഭ്യമാകുന്ന ഷൂട്ട് അറ്റ് സൈറ്റ് വ്യവസ്ഥയും അതോടൊപ്പം വന്യജീവികളുടെ അമിതമായ എണ്ണപ്പെരുക്കം നിയന്ത്രിക്കുന്നതിന് നിർദ്ദിഷ്ട കാലയളവുകളിൽ Culling നടപ്പിലാക്കുക, അതുപോലെതന്നെ കൃത്രിമ ജനന നിയന്ത്രണമാർഗ്ഗങ്ങൾ അവലംബിച്ച് ക്രമാതീതമായി വന്യമൃഗങ്ങൾ പെരുകുന്നത് തടയുന്നതിനുമടക്കമുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി മനുഷ്യജീവനും സ്വത്തിനും സംരക്ഷണം ഉറപ്പുവരുത്താൻ 1972-ലെ കേന്ദ്ര വന്യജീവി സംരക്ഷണ നിയമം കാലോചിതമായി ഭേദഗതിചെയ്ത് പരിഷ്കരിക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കണമെന്ന് ഈ പ്രമേയത്തിലൂടെ ഈ സഭ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുന്നു.

<u>ശ്രീ. എം. വിജിൻ</u>: സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

<u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: സർ, 14-02-2024-ന് ഇതേ വിഷയത്തിൽ ഔദ്യോഗികമായി ഒരു പ്രമേയം ഈ സഭ പാസ്സാക്കിയിട്ടുണ്ട്.

അക്കാര്യം ഈ അവസരത്തിൽ ഞാൻ സ്മരിക്കുകയും നന്ദിയോടെ ഓർക്കുകയും ചെയ്യുന്നു. കേന്ദ്രസർക്കാർ മാറിയതിനാലും കേരളത്തിന്റെ സവിശേഷമായ സാഹചര്യംകൂടി കണക്കിലെടുത്തുകൊണ്ടും കൃത്യമായ നിർദ്ദേശങ്ങൾകൂടി ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു പ്രമേയമെന്ന നിലയിലാണ് ടി പ്രമേയം ഞാൻ അവതരിപ്പിക്കാൻ ആഗ്രഹിക്കുന്നത്. കേരള സംസ്ഥാനം രൂപീകൃതമായതിനുശേഷം നമ്മുടെ മലയോരമേഖലകൾ അഭിമുഖീകരിക്കുന്ന ഏറ്റവും ഗുരുതരമായ ഒരു ഭീഷണിയും വിഷയവുമാണ് വന്യജീവി ആക്രമണം.

കഴിഞ്ഞ 8 വർഷത്തിനിടയിൽ സംസ്ഥാനത്തുണ്ടായ 55000-ത്തിലധികം വന്യജീവി ആക്രമണങ്ങളിൽ ആയിരത്തോളം പേർക്കാണ് ജീവഹാനി സംഭവിച്ചിട്ടുള്ളത്. കഴിഞ്ഞ ഒരു വർഷത്തിനിടയിൽമാത്രം വന്യജീവി അക്രമണത്തിൽ നൂറോളമാളുകൾ കൊല്ലപ്പെടുകയും 1500 ഓളംപേർക്ക് പരിക്കേൽക്കുകയും 70 കോടി രൂപയുടെ കൃഷി നാശമുണ്ടാകുകയും ചെയ്തതായി കണക്കാക്കപ്പെട്ടിട്ടുണ്ട്. ടി വിഷയം പരിഹരിക്കാൻ നമ്മുടെ മുമ്പിൽ ഫലപ്രദമായ മാർഗ്ഗങ്ങളില്ലെന്ന് ഓരോ ദിവസവും തെളിഞ്ഞുകൊണ്ടിരിക്കുന്നു. എന്റെ നിയോജകമണ്ഡലത്തിൽ കൊമ്പുകുത്തി എന്ന ആദിവാസി മേഖലയുണ്ട്.

കോട്ടയം ജില്ലയിലെ ഏറ്റവും വലിയ പട്ടികവർഗ്ഗ സങ്കേതമാണ്, ഏതാണ്ട് അഞ്ഞൂറോളം കുടുംബങ്ങളുണ്ട്. ഈ സഭ ആരംഭിച്ചതിനുശേഷം ഏതാനും ദിവസങ്ങളായി അവിടെ കാട്ടാനയുടെ വലിയ ശല്യം നടന്നുകൊണ്ടിരിക്കുകയാണ്. ആ കുടുംബങ്ങളാകെ ഭീതിയിൽ കഴിയുന്ന സ്ഥിതിയാണുള്ളത്. കഴിഞ്ഞ ഫെബ്രുവരിയിൽ ദീപിക ദിനപത്രത്തിന്റെ മുഖപേജിൽ പ്രസിദ്ധീകരിച്ച ചിത്രം ഞാൻ ഇവിടെ കാണിക്കാൻ ആഗ്രഹിക്കുന്നു. (ചിത്രം ഉയർത്തിക്കാട്ടി) കഴിഞ്ഞ സമീപനാളുകളിൽ വന്യമൃഗ ആക്രമണങ്ങളിൽ കൊല്ലപ്പെട്ട ഏതാണ്ട് 89 ആളുകളുടെ ചിത്രം ചേർത്ത് ഇവർ രക്തസാക്ഷികളെന്ന  നിലയിൽ കേരളത്തിന്റെ മനസാക്ഷിയെ ഞെട്ടിപ്പിക്കുന്ന രീതിയിലുള്ള വാർത്തയാണ് പ്രസിദ്ധീകരിക്കപ്പെട്ടത്. ഇതെല്ലാം ചൂണ്ടികാണിക്കുന്നത് വന്യമൃഗ ആക്രമണങ്ങൾ തടയുന്നതിനുവേണ്ടി അവലംബിക്കുന്ന മാർഗ്ഗങ്ങളൊന്നും ഫലപ്രദമാകുന്നില്ലെന്നുള്ളതാണ്. നമ്മൾ വേലികെട്ടാൻ ശ്രമിക്കുന്നുണ്ട്, കിടങ്ങുണ്ടാക്കാറുണ്ട്, വലിയമതിലുകെട്ടുന്നുണ്ട് പക്ഷേ ഇവയൊന്നും ഈ വന്യമൃഗ ആക്രമണത്തിൽനിന്നും മനുഷ്യന്റെ ജീവനും സ്വത്തിനും സംരക്ഷണം നൽകാൻ പര്യാപ്തമാകുന്നില്ലെന്ന തിരിച്ചറിവിൽ

നിയമഭേദഗതിയിലൂടെ മറ്റിതര മാർഗ്ഗങ്ങൾ അവലംബിക്കാൻ നാം നിർബന്ധിതമാകുന്നതെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഇപ്പോൾ പ്രാബല്യത്തിലിരിക്കുന്ന നിയമം അമ്പതുവർഷത്തിലധികമായി.

<u>ശ്രീ. ടി. സിദ്ദിഖ്</u>: സർ, ആർട്ടിഫിഷ്യൽ ഇന്റലിജൻസും സാറ്റലൈറ്റും എല്ലാം ക്രമീകരിച്ചുകൊണ്ട് ഏറ്റവും ഫലപ്രദമായി വന്യമൃഗങ്ങളുടെ ദിശ മനസ്സിലാക്കാനും വന്യമൃഗങ്ങളുടെ കടന്നുവരവ് മുൻകൂട്ടി അറിയാനുള്ള ആധുനിക സങ്കേതികവിദ്യ കേരളത്തിൽ ഉപയോഗപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കുമോ? മറ്റൊരു കാര്യം, വന്യജീവി ആക്രമണങ്ങളിൽ മരണപ്പെട്ടാൽ നിലവിൽ പത്തുലക്ഷം രൂപയാണ് കേരള സർക്കാർ ഹെഡ് ഓഫ് അക്കൗണ്ടിൽനിന്നും നൽകുന്നത്. കേന്ദ്രസർക്കാരും പത്തുലക്ഷം രൂപ നൽകുമെന്ന് പറയുന്നു, ആ തുകയും പ്രത്യേകമായ ഹെഡ് ഓഫ് അക്കൗണ്ടിൽനിന്ന് വാങ്ങാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? ഞാൻ എം.എൽ.എ. ആയതിനുശേഷം തുടക്കം മുതൽ ആവശ്യപ്പെടുന്ന വിഷയമാണ് ഗുരുതരമായി പരിക്കേൽക്കുന്ന വ്യക്തികൾക്ക് പ്രൈവറ്റ് ആശുപത്രിയിൽ സൗജന്യ ചികിത്സ നൽകണമെന്ന ആവശ്യം. വന്യമൃഗങ്ങളെ

കാട്ടിൽ പാർപ്പിക്കുകയെന്നുള്ളതും ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം കൊടുക്കുകയെന്നുള്ളതും ഗവൺമെന്റിന്റെ ഉത്തരവാദിത്വമാണ്. അതിനുള്ള നടപടികൾ ടി പ്രമേയത്തിലൂടെ അങ്ങ് ആവശ്യപ്പെടുമോ?

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, അങ്ങ് ഇവിടെ സൂചിപ്പിച്ച കാര്യങ്ങളോട് ഞാൻ പൊതുവായി യോജിക്കുന്നു. നഷ്ടപരിഹാരം വർദ്ധിപ്പിക്കണമെന്ന കാര്യവും കേന്ദ്രഗവൺമെന്റ് നൽകുമെന്ന് പറയുന്ന നഷ്ടപരിഹാരം യഥാവിധി ലഭിക്കുന്നില്ലെന്ന കാര്യവും ശ്രദ്ധയിൽപ്പെടുത്തുകയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: ടി പ്രമേയം തുടർചർച്ചയ്ക്കായി മാറ്റിവയ്ക്കുന്നു.

(ചർച്ച തുടരും)

മി. ഡെപ്യൂട്ടി സ്പീക്കർ: ഓർഡർ... ഓർഡർ... സഭ ഇപ്പോൾ പിരിയുന്നതും തിങ്കളാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2024 ജൂലൈ മാസം 1-ാം തീയതി തിങ്കളാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ ഉച്ചയ്ക്കുശേഷം 12.30-ന് പിരിഞ്ഞു).

* * * * *